For Private Circulation Only

May 2024

ആഗമനാരുണൻ

HOLY BIBLE

Vol.71

"മനുഷ്യർ നിങ്ങളുടെ നല്ല പ്രവർത്തികളെ കണ്ട്, സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവിനെ .....അവരുടെ മുമ്പിൽ പ്രകാശിക്കട്ടെ" (മത്താ.5:16)

No.5

ദൈവത്തിലുള്ള വിശ്വാസത്തോടു കൂടെ ഭാവിയെ നേരിടുക

By W.C.Moore

"അധർമ്മം പെരുകുന്നതു കൊണ്ട് അനേകരുടെ സ്നേഹം തണുത്തു പോകും" (മത്താ. 24:12). ഒരു വസ്തുത എന്നത് ഇപ്പോൾ അധർമ്മം പെരുകുന്നു, അനേകരുടെ സ്നേഹം തണുത്തുപോകുന്നു; അനേകരുടെ കൂട്ടത്തിൽ നാമും ഉൾപ്പെടുന്നു എന്നതിന് അർത്ഥമില്ല. എന്നാൽ ഇത് ഒരു നേരിട്ടുള്ള വെല്ലുവിളിയും, താക്കീതുമാണ്, മുമ്പൊരിക്കലും ഇല്ലാത്ത വിധത്തിൽ ദൈവത്തിലുള്ള വിശ്വാസത്തോടുകൂടെ ഈ അന്ധകാര യുഗത്തിൽ മുന്നേറേണ്ടത് ആവശ്യമാണ്.

ആപൽക്കരമായ സമയത്ത് നൽകപ്പെട്ട ദൈവവചനം (2തിമൊ. 3:1-17) പിൻമാറാനുള്ള ഒരു വിളിയോ, ഒരു മുന്നറിയിപ്പോ ആയിരിക്കും. ഭീകരദിനങ്ങൾ, ആപത്ത് വേളകൽ, ദിനംതോറും നേരിടാമായിരുന്ന ആപത്തുകൾ നമ്മുടെ അവസരങ്ങളായിത്തീരുന്നു. കർത്താവു നമ്മെ തന്നെക്കുറിച്ചുള്ള സാക്ഷ്യം ആളുകളോടു പറയുവാൻ നമ്മെ വിളിക്കുന്നു. യേശു പറയുന്നു, "അങ്ങനെ തന്നെ മനുഷ്യർ നിങ്ങളുടെ നല്ല പ്രവർത്തികളെ കണ്ട് സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവിനെ മഹത്വപ്പെടുത്തേണ്ടതിന് നിങ്ങളുടെ വെളിച്ചം അവരുടെ മുമ്പിൽ പ്രകാശിക്കട്ടെ" (മത്താ. 5:16).

അതെ, ദൈവസ്നേഹത്തിന്റെ വെളിച്ചം, മഹാരക്ഷയുടെ ഉറപ്പും അതിൽ നമ്മെ രക്ഷിച്ചു, കർത്താവിനോടുള്ള ഇടവിടാതെയുള്ള ധ്യാനവും, ദൈവത്തോടുള്ള നമ്മുടെ സ്നേഹവും ആശ്രയവും തടസ്സങ്ങൽ നേരിട്ട് ഭയന്ന് ആയിരിക്കുന്ന ആളുകൾ അവർ കൂടെ ദൈവത്തിങ്കലേക്ക് തിരിയുവാൻ ഇടവരും.

ദൈവത്തിന്റെ വിശ്വസ്തതയിലുള്ള പൂർണ്ണവിശ്വാസം

ഈ അന്ധകാരമയമായ സമയങ്ങളിൽ ദൈവത്തിന്റെ വിശ്വസ്തതയ്ക്കുള്ളിൽ പൂർണ്ണ വിശ്വാസത്തോടെ നേരിടേണ്ടതാണ്. സാഹചര്യങ്ങൾ, വ്യവസ്ഥകൾ, പ്രയാസങ്ങൾ, ഉൾപ്പെട്ടു നിൽക്കുന്നവർ, അറിയപ്പെടാത്തത്, പരിശ്രമിക്കപ്പെടാത്തത്, ഇരുളടഞ്ഞതും അപകടകരമായ സാഹചര്യങ്ങൾ, നമ്മുടെ ദൈവത്തിന് ഇതൊന്നും പ്രശ്നമല്ല. അവിടുന്ന് സകലവും അറിയുന്നു. അവിടുന്ന് നമുക്കു വേണ്ടി കരുതുന്നു (1പത്രൊ. 5:7; 1യോഹ. 3:20) ഒന്നും അസാദ്ധ്യമല്ല (യിരെ. 32:17). ദൈവത്തിന് സകലവും സാദ്ധ്യം (മത്താ. 19:26).

പ്രയാസമേറിയ സാഹചര്യങ്ങൾ, സങ്കീർണ്ണമായ തടസ്സങ്ങൾ, വഴങ്ങാത്ത സാഹചര്യങ്ങൾ, ദു:ഖകരമായ പരിശോധനകൾ, വലിയ ആവശ്യങ്ങൾ, ഭാരമേറിയ ചുമതലകൾ, ഭയവും ഭീതിയും കടന്നു പിടിക്കുമ്പോൾ പതറരുത് പകരം സന്തോഷിക്കുക. ദൈവം എല്ലാറ്റെക്കാളും ഉന്നതൻ, അവിടുന്ന് നമ്മെ സ്നേഹിക്കുന്നു, നാം അവിടുത്തെ ആശ്രയിക്കുവാൻ, അവിടുത്തെ അനുസരിക്കുവാൻ അവിടുന്ന് ആഗ്രഹിക്കുന്നു. നമ്മെ ഭയപ്പെടുത്തുന്ന ഏത് പ്രതിസന്ധികളെക്കാൾ അവിടുന്ന് ഉന്നതൻ.

പ്രയാസങ്ങൾ, പ്രതിസന്ധികൾ, സാഹചര്യങ്ങൾ എന്നിവയെ ദയയുള്ള ഹൃദയത്തോടെയോ മനസോടെയോ നേരിടരുത്, ദൈവം നമ്മെ വിട്ട് അകന്നു പോയോ ഉപേക്ഷിച്ചുകളഞ്ഞുവോ എന്ന ചിന്ത ജീവിതത്തിൽ വന്നാലും, തന്റെ ജ്ഞാനം, സർവ്വ ശക്തി എന്നിവ ക്ഷയിച്ചു പോയി എന്ന് തോന്നിയാലും അവിടുന്ന് വിശ്വസ്തനായ സൃഷ്ടാവ് എന്നതിൽ സംശയകാരണമായാലും, അവിടുന്ന് നമ്മെ സ്നേഹിക്കുന്നു; അവിടുത്തെ ശക്തി നമുക്കു വേണ്ടി വെളിപ്പെടുത്തുന്നു, നമ്മുടെ വേദനകൾ അറിയുന്നു, "തന്റെ ഏകജാതനായ പുത്രനെ നമുക്കു വേണ്ടി നൽകി. നമ്മെ സ്നേഹിച്ച ദൈവമാണവിടുന്നു" (1 പത്രൊ. 4:12-19; റോമർ. 8:26 - 39). പ്രയാസമേറിയ കാര്യങ്ങളെ ധൈര്യത്തോടെ നേരിടാം കാരണം അത് ദൈവത്തിന്റെ വിശ്വസ്തതയും പ്രകൃത്യാതീതമായ ശക്തിയും വെളിപ്പെടിത്തുവാൻ നാം അവസരമൊരുക്കുകയാണ് ചെയ്യുന്നത് ഹല്ലേലൂയാ!

"ഒന്നിനെക്കുറിച്ചും വിചാരപ്പെടരുത്; എല്ലാറ്റിലും പ്രാർത്ഥനയാലും അപേക്ഷയാലും നിങ്ങളുടെ ആവശ്യങ്ങൾ സ്തോത്രത്തോടുകൂടെ ദൈവത്തോട് അറിയിക്കയത്രേ വേണ്ടത്" (ഫിലി. 4:6).

നേരോടെ ജീവിക്കുക

തന്റെ വചനപ്രകാരം നമ്മുടെ ജീവിതങ്ങളെ ദൈവത്തിനായി ക്രമപ്പെടുത്താം അവസാനത്തോളം ദൈവത്തിന്റെ സഹായം നമുക്കു വേണ്ടി ഉണ്ട്. നാം പാപത്തിൽ ജീവിക്കുന്നില്ല, ദൈവവചനത്തെ അവിശ്വസിച്ചികൊണ്ട് അവിടുത്തെ നാം ദു:ഖിപ്പിക്കുന്നില്ല, മറ്റു വിശ്വാസികളെ നാം വിമർശിക്കുന്നില്ല, അലസരായി സ്വാർത്ഥതയുള്ളവരായി, വഞ്ചനയുള്ളവരായി, മറ്റുള്ളവരെ വെറുക്കുന്നവരായി കടമകളെ ഉപേക്ഷിക്കുന്നവരായി, മറ്റേതെങ്കിലും ചെറുതും വലുതുമായ പാപങ്ങൾ ചെയ്യുന്നവരായി തീരാതെ നമ്മുടെ ജീവിതങ്ങളെ ക്രമപ്പെടുത്താം.

"പ്രിയമുള്ളവരേ, ഹൃദയം നമ്മെ കുറ്റം വിധിക്കുന്നില്ലെങ്കിൽ നമുക്ക് ദൈവത്തോട് പ്രാഗത്ഭ്യം ഉണ്ട്, അവന്റെ കല്പനകളെ നാം പ്രമാണിച്ച് അവന് പ്രസാദമുള്ളത് ചെയ്യുന്നതുകൊണ്ട് എന്ത് യാചിച്ചാലും അവ

(ശേഷം 2-ാം പേജിൽ)

(1-ാംപേജിന്റെ തുടർച്ച)

ദൈവത്തിലുള്ള വിശ്വാസത്തോടു കൂടെ ഭാവിയെ നേരിടുക

ങ്കൽ നിന്നും ലഭിക്കും" (1 യോഹ. 3:21,22).

വചനത്താൽ നമ്മെ പോഷിപ്പിക്ക. "മനുഷ്യൻ അപ്പം കൊണ്ട് മാത്രമല്ല, ദൈവത്തിന്റെ വായിൽകൂടി വരുന്ന സകല വചനം കൊണ്ടും ജീവിക്കുന്നു" (മത്താ 4:4). നമ്മുടെ ശരീരത്തിനും മനസലും പോഷണം ആവശ്യമാണ്. സമയം എടുക്ക, സമയം ഉണ്ടാക്കുക, സമയം ഉപയോഗിക്ക, ദൈവത്തിന്റെ ഹിതം അറിഞ്ഞ് അവിടുത്തെ സന്നിധിയിൽ ശക്തരായി കാണപ്പെടുവാൻ അതാവശ്യമാണ്.

ഇരുട്ടിൽ ദൈവത്തിൽ ആശ്രയിക്കുക

യിസഹാക്ക് ജനിക്കുന്നതിനു വേണ്ടി അബ്രഹാം വിശ്വസിച്ച് കാത്തിരുന്നു. നമ്മുടെ പ്രാർത്ഥനയുടെ മറുപടി വരുവാൻ താമസിച്ചേക്കാം, അതുകൊണ്ട് കാത്തിരിക്കുവാൻ നാം പഠിച്ചിരിക്കേണം. ഇരുട്ടിൽ ദൈവത്തിൽ ആശ്രയിക്കുവാൻ നാം പഠിച്ചിരിക്കേണം.

"നിങ്ങളിൽ യഹോവയെ ഭയപ്പെടുകയും അവന്റെ വാക്കു കേട്ടനുസരിക്കയും ചെയ്യുന്നവൻ ആർ? തനിക്കു പ്രകാശം ഇല്ലാതെ അന്ധകാരത്തിൽ നടന്നാലും അവൻ യഹോവയുടെ നാമത്തിൽ ആശ്രയിച്ചു തന്റെ ദൈവത്തിന്മേൽ ചാരിക്കൊള്ളട്ടേ" (യെശ. 50:10).

എല്ലായ്പ്പോഴും ദാവീദ് പർവ്വത മുകളിൽ ആയിരുന്നുവോ? പൗലൊസ് എല്ലായ്പ്പോഴും കഷ്ടതയുടെയും പ്രയാസത്തിന്റെയും ലോകത്തിൽ ആയിരുന്നുവോ? (സങ്കീർത്തനങ്ങൾ വായിക്കുക, 2കൊരിന്ത്യർക്കു എഴുതിയ ലേഖനം 11:23 -33; 12: 1-10; ഫിലി. 4:13). ദൈവത്തോടു നമുക്കുള്ള സ്നേഹത്തിന്റെ ആഴം അറിയുന്നതു എപ്രകാരമാണ്, അവിടുത്തേയ്ക്കു നമ്മോടും ഉള്ള സ്നേഹത്തേയും, നമ്മെ കഷ്ടതയിലേക്ക് നടത്തുന്നു. പരിശോധിക്കപ്പെടുമ്പോഴല്ലയോ? നമുക്കു ഓർമ്മിക്കാം; "സകലവും" റോമർ. 8:28. "എന്നാൽ ദൈവത്തെ സ്നേഹിക്കുന്നവർക്ക് നിർണ്ണ.പ്രകാരം വിളിക്കപ്പെട്ടവർക്കു തന്നെ, സകലവും നന്മയ്ക്കായി കൂടി വ്യാപരിക്കുന്നു".

അതെ, കൊച്ചു കുട്ടികളെപ്പോലെ ദൈവത്തിൽ ആശ്രയിക്കുന്ന അനുഭവം! വർഷങ്ങൾക്കു മുമ്പു ഞാൻ ചിന്തിച്ചിരുന്നു, വിശ്വസിക്കുക എന്നത് വലിയ പ്രയാസമാണ്. "വിശ്വസിക്കുവാൻ വലിയ പ്രയാസമാണ്". പെട്ടെന്ന് കർത്താവ് എന്റെ ഹൃദയത്തിൽ സംസാരിച്ചു.

(ശേഷം 8-ാം പേജിൽ)

ആഗമനദൂതൻ

ബിന്ദു.എം
എഡിറ്റർ
Mob:**8589901702, 8075696168**

അഡ്വ.നോബിൾ
അസോസിയേറ്റ് എഡിറ്റർ
Mob: **9446590913, 9809882926**
കരിത്തിലവിളാകം, ബിൻസി ഭവൻ, ആറാമട പി. ഒ., തിരുവനന്തപുരം - 695032
Mob:8589901702,**8075696168**
E-mail:bindhum1971@yahoo.in

മാസിക ആവശ്യമുള്ളവർ ബന്ധപ്പെടുക

മാസികാപ്രവർത്തനത്തിനായി പ്രാർത്ഥിപ്പിൻ !

കർത്താവിൽ പ്രിയരേ,

യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നേഹ വന്ദനം.

"സമാധാനത്തെ ഘോഷിച്ചു നന്മയെ സുവിശേഷിക്കയും രക്ഷയെ പ്രസിദ്ധമാക്കുകയും സീയോനോട് നിന്റെ ദൈവം വാഴുന്നു എന്നു പറകയും ചെയ്യുന്ന സുവാർത്താദൂതന്റെ കാൽ പർവ്വതങ്ങളിന്മേൽ എത്ര മനോഹരം. നിന്റെ കാവൽക്കാരുടെ ശബ്ദം കേട്ടുവോ? അവർ ശബ്ദം ഉയർത്തി ഒരുപോലെ ഉല്ലസിച്ചു ഘോഷിക്കുന്നു. യഹോവ സീയോനിലേക്കു മടങ്ങിവരുമ്പോൾ അവർ അഭിമുഖമായി കാണും,. യെരുശലേമിന്റെ ശൂന്യ പ്രദേശങ്ങളേ പൊട്ടി ആർത്തുകൊൾവിൻ. യഹോവ തന്റെ ജനത്തെ ആശ്വസിപ്പിച്ച് യെരുശലേമിനെ വീണ്ടെടുത്തിരിക്കുന്നുവല്ലോ. സകല ജാതികളും കാൺകെ യഹോവ തന്റെ വിശുദ്ധ ഭുജത്തെ നഗ്നമാക്കിയിരിക്കുന്നു. ഭൂമിയുടെ അറ്റങ്ങളൊക്കെയും നമ്മുടെ ദൈവത്തിന്റെ രക്ഷയെ കാണും" (യെശ. 52:7-11)

2024 ഏപ്രിൽ നമ്മെ വിട്ട് കടന്നു പോയി. മെയ് മാസത്തിലേക്ക് നാം കടന്നിരിക്കുന്നു.

നാം ഈ ലോകത്തിൽ ജീവിക്കുന്ന നാളെല്ലാം വലിയവനായ ദൈവത്തെ ആശ്രയമാക്കികൊണ്ട് ജീവിക്കുക. യേശു വരാൻ സമയമായി. കാലഘട്ടത്തെ സംബന്ധിച്ച അടയാളങ്ങൾ അത് വ്യക്തമാക്കുന്നു. നാം ധൈര്യത്തോടെ ദൈവത്തിന്റെ കൃപാസനത്തോട് അടുത്തു വരിക. ദൈവകൃപ പ്രാപിക്ക. നാം തളർന്നു പോകരുത്.

നമുക്ക് ദൈവം നമ്മുടെ ഏറ്റവും അടുത്ത തുണയും സഖിയും ആശ്വാസകനും സൗഖ്യദായകനുമാണ്. നിങ്ങളുടെ പാപങ്ങൾ എത്ര കടും ചുവപ്പായിരുന്നാലും ഹിമംപോലെ വെളുക്കും. നമ്മുടെ കർത്താവ് പാപത്തെ വെറുക്കുന്നവനും പാപികളെ സ്നേഹിക്കുന്നവനുമാണ്. ഈ അവസാനനാളുകളിൽ ദൈവസന്നിധിയിൽ താഴ്മയോടെ നടന്ന് വിശുദ്ധ ജീവിതം നയിച്ച് നമ്മുടെ കർത്താവിന്റെ മഹത്വ പ്രത്യക്ഷതയിൽ എടുക്കപ്പെടാം.

കർത്താവായ യേശുക്രിസ്തു തന്റെ മണവാട്ടിയായ സഭയെ ശുദ്ധവും നിഷ്കളങ്കവുമായി കറയും കളങ്കവും ഒന്നുമില്ലാതെ തനിക്കു ന്നെ തേജസ്സോടെ നിർത്തുവാൻ പോകുകയാണ്. ദൈവത്തെ ഭയപ്പെട്ട് താഴ്മയോടെ ജീവിക്കാം.

മാസികയുടെ പേരിലുള്ള ബാങ്ക് അക്കൗണ്ട് ചുവടെ ചേർക്കുന്നു. ബിന്ദു.എം ആഗമനദൂതൻ **IFSC code SBIN 0070028 A/c. No. 67342839891** സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ എന്ന പേരിൽ മാസിക നടത്തിപ്പിനായുള്ള സംഭാവന ഡ്രാഫ്റ്റ്/ചെക്ക് എന്നിവ രജിസ്റ്റേഡായി അയക്കുക. അഡ്രസ് മാറ്റം ഉടനെ അറിയിക്കുക.

എല്ലാ മാസികാ മിത്രങ്ങളും ശരീരത്തിലും മനസ്സിലും ആത്മാവിലും ശുഭമായും സുഖമായും പുലരേണ്ടതിനായി പ്രാർത്ഥിക്കുന്നു.

മാസികയെക്കുറിച്ചുള്ള നിർദ്ദേശങ്ങളും അഭിപ്രായങ്ങളും കത്തുകൾ മുഖേനയോ ഇ-മെയിൽ വഴി അറിയുവാൻ ഞാൻ ആഗ്രഹിക്കുന്നു. ആരിൽ നിന്നും ഒരു പ്രതികരണവും ലഭിക്കുന്നില്ല. നിങ്ങളുടെ അഭിപ്രായങ്ങൾ അറിയുവാൻ ഞാൻ ആഗ്രഹിക്കുന്നു.

എന്ന് ക്രിസ്തുവിൽ എളിയ സഹോദരി,
ബിന്ദു.എം

ഒഴിച്ചു കൂടാനാവാത്ത ദൈവവചനം

By Andrew Murray

" മനുഷ്യൻ അപ്പം കൊണ്ട് മാത്രമല്ല ദൈവത്തിന്റെ വായിൽ കൂടിവരുന്ന സകല വചനം കൊണ്ടും ജീവിക്കുന്നു" (മത്താ. 4:4). നമ്മുടെ കർത്താവ് ഉപമയായി പറഞ്ഞത്, വളരെ ആജ്ഞാപരമായി പറഞ്ഞത്, ദൈവവചനത്തെ ദിനം തോറുമുള്ള നമ്മുടെ ആഹാരം സംബന്ധിച്ചാണ്.

ആഹാരം ജീവിതത്തിന് ഒഴിച്ചുകൂടാൻ വയ്യാത്തതാണ്. നമുക്ക് എല്ലാവർക്കും അത് അറിയാം. ഒരു ആരോഗ്യമുള്ള മനുഷ്യൻ, പുഷ്ടിയുള്ള ആഹാരം കഴിക്കാതെയായാൽ, തന്റെ വളർച്ചയിൽ ക്ഷീണം ഭവിക്കുന്നു, ജീവിതമേ നശിച്ചുപോകുന്നു. ദൈവവചനത്തോടുള്ള ബന്ധത്തിലും അതു തന്നെ സംഭവിക്കുന്നു. ഇത് ഒരു സ്വർഗ്ഗീയ സത്യം വെളിപ്പെടുത്തുന്നു, വിശ്വാസത്താൽ അത് ശക്തിയോടെ പ്രവർത്തിക്കുന്നു.

ആഹാരം കഴിക്കേണം

എനിക്ക് ആഹാരത്തെക്കുറിച്ച് എല്ലാം അറിയാമായിരിക്കാം. എനിക്ക് ആഹാരമുണ്ടായിരിക്കാം, ഞാൻ മറ്റുള്ളവർക്ക് കൊടുക്കുന്നുണ്ടാവാം. എന്റെ വീട്ടിൽ ആഹാരമുണ്ടായേക്കാം, എന്റെ മേശ സമൃദ്ധമായേക്കാം; എന്നാൽ അത് എന്നെ സഹായിക്കയില്ല, രോഗം ബാധിച്ചാൽ എനിക്ക് ആഹാരം കഴിക്കാൻ കഴികയില്ല, ഞാൻ മരിക്കും. ദൈവവചനത്തെക്കുറിച്ച് സമാന്യ ജ്ഞാനം എനിക്കുണ്ടെങ്കിൽ പ്രസംഗിക്കുവാനുള്ള കഴിവുണ്ടെങ്കിൽ പോലും പ്രയോജനമില്ല. അത് ദൈവവചനത്തെക്കുറിച്ച് ചിന്തിക്കുവാൻ പര്യാപ്തമല്ല ഞാൻ ദൈവവചനത്താൽ പോഷിപ്പിക്കപ്പെടേണം, എന്റെ ഹൃദയത്തിലും എന്റെ ജീവിതത്തിലും ഞാൻ അത് ഏറ്റെടുക്കേണം. സ്നേഹത്തിലും അനുസരണത്തിലും ഞാൻ അത് പ്രാവർത്തികമാക്കണം. സ്നേഹത്തിലും അനുസരണത്തിലും വചനം എന്റെ ഹൃദയത്തെ പൂർണ്ണമായി അവകാശമാക്കേണം. അപ്പോൾ നിശ്ചയമായും അത് എനിക്ക് ജീവന്റെ വചനമായിരിക്കും.

ദിനംതോറും ആഹാരം കഴിക്കേണം. അതുപോലെ തന്നെ ദൈവത്തിന്റെ വചനവും. സങ്കീർത്തക്കാരൻ പറയുന്നു, "അവന്റെ ന്യായപ്രമാണത്തെ രാപ്പകൽ ധ്യാനിക്കുന്നവൻ ഭാഗ്യവാൻ" (സങ്കീ. 1:2). "നിന്റെ ന്യായപ്രമാണം എനിക്ക് എത്രയോ പ്രിയം; ഇടവിടാതെ അത് എന്റെ ധ്യാനമാകുന്നു" (സങ്കീ. 119:97). ശക്തമായ ആത്മീയ ജീവിതത്തിന് ദൈവവചനം ഒഴിച്ചു കൂടാത്തത് തന്നെ.

യേശു ഭൂമിയിൽ ആയിരുന്നപ്പോൾ ദൈവവചനം പഠിച്ചു, സ്നേഹിച്ചു, പിതാവിന്റെ വചനം അനുസരിച്ചു. നിങ്ങൾ അവിടുത്തോടുള്ള കൂട്ടായ്മ ആഗ്രഹിക്കുന്നുവെങ്കിൽ നിങ്ങൾ വചനത്തിൽ അവിടുത്തെ കണ്ടെത്തും. തന്റെ വചനത്തിലൂടെ പിതാവിനോട് കൂട്ടായ്മ ആചരിക്കുവാൻ ക്രിസ്തു നമ്മെ പഠിപ്പിക്കും., അതാണ് അവിടുത്തെ രീതി. നിങ്ങൾ പഠിക്കും, കർത്താവിനെപ്പോലെ, അവിടുത്തെ നാമത്തിന്റെ മഹത്വത്തിനായി ദൈവവചനപ്രകാരം നമുക്കു ജീവിക്കാം.

എങ്ങനെ ദൈവവചനം വായിക്കാം

ദൈവവചനം വായിക്കുവാനുള്ള ലഘുവായ ആലോചനകൾ: ദൈവത്തോടുള്ള പൂർണ്ണ ബഹുമാനത്തോടെ വായിക്കേണം. വചനം ദൈവത്തിൽ നിന്നും വരുന്നു എന്ന ചിന്തയോടെ ഒരു നിമിഷം ശാന്തമായി ധ്യാനിക്കേണം. ആഴമായ ബഹുമാനത്തോടെ തലവണക്കുക. ദൈവത്തോട് ശാന്തമായി ഇരിക്ക. നിങ്ങളുടെ ഹൃദയത്തിൽ തന്റെ വചനം പ്രകാശിപ്പിക്കും.

ശ്രദ്ധയോടെ വായിക്കുക. ശ്രദ്ധയില്ലാതെ വായിച്ചാൽ, മാനുഷികമായ ബുദ്ധിയിൽ ഗ്രഹിപ്പാൻ വിചാരിച്ചാൽ, അതിന്റെ ആഴങ്ങളിലേക്ക് കടക്കുവാൻ കഴികയില്ല. നമുക്കു അത്ഭുതകരമായ മനോഹരമായ ചിലതുണ്ട് എന്നു തോന്നുമ്പോൾ, നമ്മുടെ ശ്രദ്ധ അതിലേക്ക് തിരിക്കുക എന്താണ് അവിടെ പറഞ്ഞിരിക്കുന്നത് എന്ന് ചിന്തിക്കുക. ധ്യാനിക്കുക. 119-ാം സങ്കീർത്തനം വീണ്ടും വീണ്ടും വായിക്കുക, അത് ഹൃദയത്തിൽ പതിയുന്നതുവരെയും വായിക്കുക. പ്രാർത്ഥിക്കുക, നമ്മുടെ ഹൃദയങ്ങളിൽ പതിയുവാൻ ദൈവം

(ശേഷം 4-ാം പേജിൽ)

രക്ഷിക്കപ്പെടുവാൻ എന്തു ചെയ്യണം

അംഗീകരിക്കുക	*ഒരു വ്യത്യാസവുമില്ല എല്ലാവരും പാപം ചെയ്ത് ദൈവതേജസ്സ് ഇല്ലാത്തവരായിത്തീർന്നു (റോ.3:23)*
പശ്ചാത്തപിക്കുക	*അല്ലല്ല, മാനസാന്തരപ്പെടാഞ്ഞാൽ നിങ്ങൾ എല്ലാവരും അങ്ങനെ തന്നെ നശിച്ചുപോകും (ലൂക്കൊ. 13;3)*
ഏറ്റുപറയുക	*നമ്മുടെ പാപങ്ങളെ ഏറ്റു പറയുന്നു എങ്കിൽ യേശു നമ്മോട് പാപങ്ങളെ ക്ഷമിച്ച് സകല അനീതിയും പോക്കി നമ്മെ ശുദ്ധീകരിക്കുവാൻ തക്കവണ്ണം വിശ്വസ്തനും നീതിമാനും ആകുന്നു (1യോഹ. 1:9)*
ഉപേക്ഷിക്കുക	*ദുഷ്ടൻ തന്റെ വഴിയെയും നീതികെട്ടവൻ തന്റെ വിചാരങ്ങളെയും ഉപേക്ഷിച്ച് യഹോവയിങ്കലേക്ക് തിരിയട്ടെ. അവൻ അവനോട് കരുണ കാണിക്കും. നമ്മുടെ ദൈവത്തിങ്കലേക്ക് തിരിയട്ടെ. അവൻ ധാരാളം ക്ഷമിക്കും.*
ശുദ്ധീകരിപ്പെടുക	*അവന്റെ പുത്രനായ യേശുവിന്റെ രക്തം സകല പാപം പോക്കി നമ്മെ ശുദ്ധീകരിക്കുന്നു (1യോഹ. 1:7).*
വിശ്വസിക്കുക	*തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിന് ദൈവം അവനെ നൽകുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു. (യോഹന്നാൻ 3:16)*
സമർപ്പിക്കുക	*ദൈവത്തിന്റെ ദാനമായി നിങ്ങളിൽ ഇരിക്കുന്ന പരിശുദ്ധാത്മാവിന്റെ മന്ദിരമാകുന്നു നിങ്ങളുടെ ശരീരം എന്നും നിങ്ങളെ വിലക്ക് വാങ്ങിയിരിക്കുകയാൽ നിങ്ങൾ താന്തങ്ങൾക്കുള്ളവരല്ല എന്നും അറിയുന്നില്ലയോ? ആകയാൽ ശരീരം കൊണ്ട് ദൈവത്തെ മഹത്വപ്പെടുത്തുവിൻ. (1കൊരി.6:19,20)*
പ്രാപിച്ചെടുക്കുക	*യേശുവിനെ കർത്താവെന്ന് വായ്കൊണ്ട് ഏറ്റുപറകയും ദൈവം അവനെ മരിച്ചവരിൽ നിന്ന് ഉയിർത്തെഴുന്നേല്പിച്ചു എന്ന് ഹൃദയം കൊണ്ട് വിശ്വസിക്കുകയും ചെയ്താൽ നീ രക്ഷിക്കപ്പെടും. ഹൃദയം കൊണ്ട് നീതിക്കായി വിശ്വസിക്കുകയും വായ്കൊണ്ട് രക്ഷയ്ക്കായി ഏറ്റു പറയുകയും ചെയ്യണം (റോമ.10:9,10)*
സ്നാനം ഏൽക്കുക	*വിശ്വസിക്കുകയും സ്നാനമേൽക്കുകയും ചെയ്യുന്നവൻ രക്ഷിക്കപ്പെടും വിശ്വസിക്കാത്തവൻ ശിക്ഷാവിധിയിൽ അകപ്പെടും (മർക്കൊ. 16:16)*

(3-ാംപേജിന്റെ തുടർച്ച)

ഒഴിച്ചുകൂടാനാവാത്ത ദൈവവചനം

സഹായിക്കട്ടെ, അനുദിന ജീവതത്തിൽ അത് പ്രായോഗികമാക്കുവാൻ സഹായിക്കുമാറാകട്ടെ.

വചനവും പ്രാർത്ഥനയും

" യഹോവേ നിന്റെ വാഗ്ദാന പ്രകാരം എന്നെ ജീവിപ്പിക്കേണമേ" (സങ്കീ. 119:107).

പ്രാർത്ഥനയും ദൈവവചനവും തമ്മിൽ വേർപിരിക്കുവാനാവുന്നതല്ല, എല്ലായ്പ്പോഴും പ്രാർത്ഥനാ മുറിയിലും നമ്മുടെ ധ്യാനങ്ങളിലും ഒരുമിച്ചു പോകേണ്ടതാണ്. വചനത്തിലൂടെ ദൈവം നമ്മോട് സംസാരിക്കുന്നു, പ്രാർത്ഥനയിലൂടെ ഞാൻ ദൈവത്തോട് സംസാരിക്കുന്നു. ശരിയായ കൂട്ടായ്മ ഞാനും എന്റെ ദൈവവുമായി ഉണ്ടാകുന്നു. ദൈവവചനം കൂടാതെ ഞാൻ പ്രാർത്ഥിക്കുന്നു. എങ്കിൽ എന്റെ സ്വന്ത ചിന്തയിലും ആലോചനയിലും ഞാൻ പ്രാർത്ഥിക്കുന്നു. ദൈവത്തിന്റെ ചിന്തകൾ ദൈവവചനത്തിൽ നിന്നും ഞാനെടുക്കുമ്പോൾ അത് ദൈവത്തിന്റെ മുമ്പാകെ ഞാനർപ്പിക്കുമ്പോൾ യഥാർത്ഥ പ്രാർത്ഥനയുടെ ശക്തി ഞാനനുഭവിക്കുകയാണ്. ദൈവവചനപ്രകാരം പ്രാർത്ഥിക്കുവാൻ ഞാൻ അപ്പോൾ പ്രാപ്തനായിത്തീരുന്നു. എല്ലാ പ്രാർത്ഥനയിലും ദൈവവചനം എത്ര ഒഴിച്ചു കൂടാൻ കഴിയാത്തതാണ്.

ഞാൻ പ്രാർത്ഥിക്കുമ്പോൾ, ദൈവത്തിന്റെ ശരിയായ കാര്യങ്ങളെ അന്വേഷിക്കുകയാണ്. ദൈവത്തിന്റെ പരിശുദ്ധാത്മാവ് ശരിയായ ചിന്തകളെ തന്റെ വചനത്തിലൂടെ നമുക്കു തരുന്നു. ദൈവവചനം ഞാൻ എത്ര കൊള്ളരുതാത്തവനും പാപിയുമാണെന്നും എന്നെ പഠിപ്പിക്കുന്നു. ദൈവം എനിക്കു വെളിപ്പെടുത്തി തരുന്നു, തന്റെ ഇഷ്ടം ചെയ്യുവാനുള്ള ശക്തി ദൈവം എനിക്ക് തരുന്നു. ദൈവവചനം എന്നെ ഉറച്ച തീരുമാനത്തോടെ പ്രാർത്ഥിക്കുവാൻ എന്നെ പഠിപ്പിക്കുന്നു, ശക്തമായ വിശ്വാസം അക്ഷീണ പരിശ്രമം ചെയ്യുവാനും എന്നെ പഠിപ്പിക്കുന്നു. ദൈവവചനം എന്നെ ഞാൻ എന്താണ് എന്ന് മാത്രമല്ല, ദൈവകൃപയാൽ എന്താകും എന്ന് കൂടെ എന്നെ പഠിപ്പിക്കുന്നു. എല്ലാറ്റിലും ഉപരി, ക്രിസ്തു എനിക്കു വേണ്ടി ദിനംതോറും മദ്ധ്യസ്ഥത വഹിക്കുന്നു എന്ന് തന്റെ നാമത്തിൽ പ്രാർത്ഥിക്കുവാനും എന്നെ പഠിപ്പിക്കുന്നു.

അതേ, ദൈവപൈതലേ, ഈ വലിയ പാഠം പഠിക്കുക, ദൈവവചനത്തിൽ ദിനംതോറും നിന്റെ ജീവിതത്തെ പുതുക്കുക, അങ്ങനെ ദൈവവചന പ്രകാരം പ്രാർത്ഥിക്കുക.

അങ്ങനെ ജീവിതത്തിൽ മറ്റൊരു വശത്തേയ്ക്കു തിരിയും പ്രാർത്ഥന. ദൈവവചനം വായിക്കുമ്പോൾ പ്രാർത്ഥിക്കേണ്ടതായ ആവശ്യം നമ്മെ പഠിപ്പിക്കുന്നു. ദൈവത്തിൽ നിന്നും പഠിക്കുവാനും ദൈവത്തെ അറിയുവാനും പ്രാർത്ഥന സഹായിക്കുന്നു, ഞാൻ ആത്മാവിൽ പ്രാർത്ഥിക്കുമ്പോൾ ഞാൻ ശരിയായ ദൈവവചനം അറിയുകയും എങ്ങനെ ദൈവവചനം പ്രാവർത്തികമാക്കേണം എന്നും ഞാൻ പഠിക്കുന്നു.

പ്രാർത്ഥന മുറിയിൽ ഞാൻ അനുഗ്രഹിക്കപ്പെടുന്നു, അവിടെ കർത്താവായ യേശുവിൽ ദൈവത്തോട് അടുക്കുവാനും വചനത്താലും പ്രാർത്ഥനയാലും എനിക്ക് ഇടയാകുന്നു. അവിടെ ഞാൻ എന്നെത്തന്നെ കർത്താവിന്റെ ഹിതത്തിനായി സമർപ്പിക്കുന്നു. കർത്താവിന്റെ സേവയ്ക്കായി പരിശുദ്ധാത്മാവിനാൽ ഞാൻ ശക്തി പ്രാപിക്കുന്നു, അവിടുത്തെ സ്നേഹം എന്റെ മേൽ പകർന്നു, തന്റെ സ്നേഹത്തിൽ അനുദിനവും നടക്കുവാൻ എന്നെ സഹായിക്കുന്നു.

❖

ദൈവത്തിന്റെ നാളിനായി എന്റെ ഹൃദയത്തെ ഒരുക്കുക

By George Muller

ഒരു സത്യം എന്നെ പഠിപ്പിച്ചു എന്നതിൽ കർത്താവിന്റെ നാമം മഹിമപ്പെട്ടു. കഴിഞ്ഞ പതിനാലു വർഷങ്ങളായി അതെനിക്ക് നഷ്ടമായില്ല. കാര്യം ഇതാണ്: ഞാൻ ചെയ്തുകൊണ്ടിരുന്ന വലിയതും ആദ്യത്തേതുമായ ഏതൊരു ബിസിനസ്കളെക്കാളുമുപരി എന്റെ ആത്മാവ് കർത്താവിൽ സന്തോഷിക്കുന്നു. ഒന്നാമത്തെ എന്റെ പരിഗണനാ വിഷയം എന്നത്, കർത്താവിന്റെ നാമത്തെ ഞാൻ എത്രമാത്രം സേവിക്കുന്നു എന്നതിലല്ല, എന്റെ ആത്മാവ് എത്ര മാത്രം കർത്താവിൽ സന്തോഷിക്കുന്നു എന്നതിലാണ് എന്റെ ആന്തരിക മനുഷ്യൻ എത്രമാത്രം പോഷിപ്പിക്കപ്പെടുന്നു എന്നതിലാണ്.

മാനസാന്തരപ്പെടാത്ത ജാതികളുടെയിടയിൽ ഞാൻ ദൈവത്തിന്റെ സത്യങ്ങളെ നിരത്തി കർത്താവിനെ സേവിപ്പാൻ ആഗ്രഹിച്ചു; ആത്മാക്കളെ ദൈവത്തിനായി ആദായപ്പെടുത്തേണം; പീഡിപ്പിക്കുപ്പെട്ടു കഴിയുന്നവരെ ദൈവത്തിനായി നേടുവാൻ ഞാനാഗ്രഹിച്ചു. മറ്റൊരു വിധത്തിൽ പറഞ്ഞാൽ എനിക്ക് ഈ ലോകത്തിൽ ഒരു ദൈവപൈതലായിരിക്കുവാൻ ഞാനാഗ്രഹിക്കുന്നു, എന്നാൽ, കർത്താവിൽ സന്തോഷിപ്പാനല്ല, എന്റെ അകത്തെ മനുഷ്യൻ ദിനംതോറും പോഷിപ്പിക്കപ്പെടുവാനുമല്ല, ഇവയെല്ലാം, ഞാൻ ശരിയായ ആത്മാവിൽ ശ്രദ്ധിച്ചു മുന്നോട്ടു പോവുക.

ഇതിന് മുമ്പ് എന്റെ അനുഭവമായിരുന്നത്, കുറഞ്ഞത് പത്ത് വർഷങ്ങൾ ക്ക് മുമ്പ്, എന്റെ സ്വഭാവ വിശേഷം എന്നത്, ഞാൻ രാവിലെ ഒരുങ്ങിയതിനു ശേഷം പ്രാർത്ഥനയിൽ എന്നെ സമർപ്പിക്കാറുണ്ട്. ഇപ്പോൾ ഞാൻ ചെയ്യുന്ന പ്രധാന കാര്യം, വചന വായനയ്ക്ക് എന്നെത്തന്നെ സമർപ്പിക്കയും അതിന്മേൽ ധ്യാനിപ്പാനും, അതിലൂടെ എന്റെ ഹൃദയം, എന്റെ മനസ്, സുരക്ഷിതമായി തീരുകയും, ധൈര്യം പ്രാപിച്ച്, ഉന്മേഷമുള്ളവനായി പുതുക്കം പ്രാപിച്ച് വിധേയപ്പെടുന്നു. അങ്ങനെ ചെയ്യുമ്പോൾ, വചനത്തിന്റെ മുമ്പാകെ ആയിരിക്കുമ്പോൾ, ദൈവവചനം ധ്യാനിക്കുമ്പോൾ, എന്റെ ഹൃദയം ദൈവവുമായുള്ള കൂട്ടായ്മ ബന്ധത്തിൽ ആയിത്തീരുന്നു.

അതുകൊണ്ട് അതിരാവിലെ പുതിയനിയമത്തിൽ നിന്നും എന്റെ വചന ധ്യാനം ആരംഭിക്കുന്നു. ആദ്യകാര്യം ഞാൻ ചെയ്തതിനു ശേഷം ദൈവത്തിന്റെ ഈ വചനത്തിലൂടെയുള്ള അനുഗ്രഹം എന്ത് എന്ന് ചില വാക്കുകൾ ദൈവത്തോടു ചോദിക്കും, എന്നിട്ട് വചനം ധ്യാനിക്കും, വചനത്തിലൂടെയുള്ള അനുഗ്രഹം നിറയും പൊതുവായ ശുശ്രൂഷയ്ക്കുള്ള വചനമല്ല പ്രസംഗത്തിനു വേണ്ടി ഞാൻ ധ്യാനിക്കുന്ന വചനം എന്നാൽ എന്റെ ആത്മാവിന്റെ പോഷണത്തിനു വേണ്ടിയുള്ള വചനം.

അതിന്റെ പരിണിതഫലം ഞാൻ കണ്ടിട്ടുള്ളത് ഏകദേശം മാറ്റമില്ലാത്തത് ആയിരിക്കും, അതിന്റെ ശേഷം അല്പ സമയം എന്റെ മന

(ശേഷം 8-ാം പേജിൽ)

നിൽക്ക, അവിടുന്ന് ദൈവം എന്ന് അറിയുക

By Thomas Reade

എന്റെ ആത്മാവേ, കർത്താവു വാഴുന്നു സന്തോഷിക്ക! അവിടുന്ന് നമ്മുടെ മനസിന്റെ പരുപരുത്ത തിരമാലകളെ ശാന്തമാക്കുന്നു. അവിടുന്ന് നമ്മുടെ ആന്തരികമായ കൊടുങ്കാറ്റുകളെ ശാന്തമാക്കുന്നു. അവിടുന്ന് കുനിഞ്ഞിരിക്കുന്ന ഹൃദയങ്ങളെ തല ഉയർത്തി മാധുര്യമേറിയ ശാന്തത നൽകി സമാധാനത്തോടെ വാഴുമാറാക്കുന്നു. ദൈവത്തിൽ എപ്പോഴും ആശ്രയം വയ്പിൻ. "മിണ്ടാതിരുന്നു ഞാൻ ദൈവം എന്നറിഞ്ഞുകൊൾവിൻ" (സങ്കീ. 46:10).

ഒരു ഭക്തനായ ദൈവപൈതൽ അറിയുന്ന, വിശ്വസിക്കുന്ന ഒരു പ്രത്യേക സത്യം എന്നത്, സർവ്വലോകത്തെയും അവൻ ഭരിച്ചു വാഴും, ലോകരാജ്യങ്ങളുടെ അധികഭാരം അവരുടെ കയ്യിലാകും, കുടുംബങ്ങളുടെയും ഒരു ചെറിയ ആവശ്യങ്ങൾക്കുപോലും നിയന്ത്രണം അവരുടെ കയ്യിലാണ്. ദൈവം അവരുടെ പിതാവും ദൈവവുമായിരിക്കുന്നു. നാം എത്രത്തോളം ദൈവത്തെ അറിയുമോ, അവിടുത്തെ ശക്തി, ജ്ഞാനം സ്നേഹം, വിശ്വസ്തത, സത്യം എന്നിവയെ അറിയുമോ അത്രത്തോളം പുത്രോചിതമായ സ്നേഹവും ഉറപ്പും ഉള്ളവരായി അവിടുത്തെ സിംഹാസനത്തിൻ മുമ്പിൽ താഴ്മയോടെ വീഴുവാനിടയാകും.

കൊടുങ്കാറ്റുകളുടെയും പെരുങ്കാറ്റുകളുടെയിടയിൽ ദൈവത്തെ ക്രിസ്തുവിൽ അറിയുവാൻ, അവിടുത്തെ നമ്മുടെ ദൈവം എന്നറിയുവാൻ ദൈവത്തിന്റെ എല്ലാ നിറവുകളും പ്രാപിപ്പാൻ സഹായിക്കുന്നു. ഈ അറിവ് നമ്മെ ഉയർത്തി, ലോകത്തെ ഇളക്കി മറിക്കുന്ന അനുഭവങ്ങളിൽ നിന്നും നമ്മുടെ ആത്മാവു സ്വാതന്ത്ര്യം പ്രാപിച്ച് നമ്മുടെ ശക്തി കൂടുതൽ വിശാലമാക്കുവാൻ ഇടയാക്കുന്നു. വിശ്വാസം ദൈവത്തിന്റെ പൂർണ്ണതയെ കാണുന്നു. ഈ പൂർണ്ണതകളുടെ നിറവിനായി പ്രത്യാശ കാരണമാകുന്നു. സ്നേഹം അവരിൽ പ്രകാശിച്ചു പടിപടിയായി അവരുടെ ഹൃദയത്തിൽ ഉൾക്കൊള്ളുവാൻ കാരണമാകുന്നു. ദയ ശാന്തമായി കാത്തിരിക്കുന്നു. ഓരോ വ്യത്യസ്ത യുഗങ്ങളിലും, സമൃദ്ധിയായ കൊയ്ത്തിന്റെ എല്ലാ അനുഗ്രഹങ്ങളിലും, സത്യത്തിന്റെ എല്ലാ വാഗ്ദത്തങ്ങളിലും ദൈവത്തിന്റെ വിശ്വസ്തതകൾ വെളിപ്പെടുന്നു.

അപ്പോൾ വരിക, എന്റെ ആത്മാവേ, ദൈവത്തിൽ ആശ്രയിക്കുന്നതിന്റെ അനുഗ്രഹത്തിൽ നിന്നും പദവിയിൽ നിന്നും പഠിക്കുക. "എല്ലാ നല്ല ദാനവും തികഞ്ഞവരമൊക്കെയും ഉയരത്തിൽ നിന്നും വെളിച്ചങ്ങളുടെ പിതാവിങ്കൽ നിന്നു വരുന്നു " (യാക്കോ. 1:17). എല്ലാ തന്റെ വാഗ്ദത്തങ്ങളും അതെ, ആമേൻ എന്ന് ആണ്. എല്ലാ തന്റെ വഴികളും സത്യ വും നീതിയുമാകുന്നു. നിങ്ങളുടെ ജീവിതത്തെ അവിടുത്തെ കരങ്ങളിലേക്ക് കൊടുക്കുക അവിടുന്ന് നിങ്ങളെ നടത്തും; എല്ലാ പരിശോധനാഘട്ടങ്ങളിലും നേരെ നില്ക്കുക, അവിടുന്ന് ദൈവം എന്നറിയുക.

കർത്താവ് വാഴുന്നു

ദൈവത്തിന്റെ ഉദ്ദേശമൊക്കെയും അതിന്റെ നിവർത്തീകരണത്തിനയി ചഞ്ചലമില്ലാതെ നേരേ പോകുന്നു. പല കാര്യങ്ങളും നമ്മുടെ ഹൃസ്വ ദൃഷ്ടി മുഖാന്തരം അവിടുത്തെ രൂപകല്പനകൾ തടസ്സങ്ങളായി തോന്നും. ദാവീദ് പറയുന്നു, "മനുഷ്യന്റെ കയ്യിൽ ഞാൻ വീഴരുതേ എന്ന് പറഞ്ഞു " (2ശമു.24:14). എന്നാൽ ഇത് വിഷാദത്തിന്റെ ഒരു റാലിയല്ല, ഇത് ഇരുണ്ടതോ മങ്ങിയതോ ആയ ജീവിതത്തിന്റെ ഭാഷയാണോ? മനുഷ്യന് ഒരിക്കലും ഉയരത്തിലെ കരം ഇല്ല. ദാവീദ് തന്റെ നല്ല മനസ്സിൽ ഇങ്ങനെ പാടി " .....കർത്താവ് വാഴുന്നു...." (സങ്കീ.96:10). ഇത് വീണ്ടെടുപ്പുകാരന്റെ വിജയഗീതമാണ്. " ഹല്ലേലൂയ്യ! സർവ്വശക്തിയുള്ള നമ്മുടെ ദൈവമായ കർത്താവ് രാജത്വം ഏറ്റിരിക്കുന്നു " (വെളി. 19:6).

അപ്പോൾ ഏതെങ്കിലും, ഉൽക്കാഴ്ചയില്ലാത്ത ആർക്കെങ്കിലും ദൈവത്തിന്റെ പദ്ധതികളെ നിർവ്വീര്യമാക്കാൻ കഴിയുമോ? ഒരിക്കലുമില്ല! കർത്താവു തന്റെ സ്വന്ത ഇഷ്ടപ്രകാരം, തന്റെ മഹത്വത്തിൽ സകലവും ചെയ്യുന്നു. ഉന്നതവും, ഇതിനെക്കാൾ മെച്ചമേറിയതും, നമുക്ക് എത്തുവാൻ കഴികയില്ല. " ഞാൻ അൽഭയും ഒമേഗയും ഒന്നാമനും ഒടുക്കത്തെവനും ആദിയും അന്തവും ആകുന്നു " (വെളി. 22:13).

കാർമേഘങ്ങളും ഇരുട്ടും നിത്യസിംഹാസനത്തെ മറച്ചേക്കാം അവിടുത്തെ പ്രവൃത്തികൾക്ക് മൂടുപടമണിയിച്ചേക്കാം, എന്നാൽ വിശ്വാസത്തിന് തടയിടുവാൻ മറയ്ക്കുന്ന ഇരുട്ടിനപ്പുറത്തു, ഉയർന്നു നില്ക്കുന്ന ദൈവത്തിന്റെ മഹത്വവും ഇമ്മാനുവേൽ ആയവന്റെ രാജത്വവുമുണ്ട്.

വലിയ അനുഗ്രഹങ്ങൾ

അപ്പോൾ, എത്ര വലുതാണ് സത്യദൈവത്തിന്റെ അനുഗ്രഹങ്ങൾ! എത്ര വലുതാണ് ദൈവമക്കളുടെ പദവി! അവിടുത്തെ അനുവാദം ഇല്ലാതെ ഒന്നും ഫലിക്കയില്ല, അതുകൊണ്ട്, "എന്നാൽ ദൈവത്തെ സ്നേഹിക്കുന്നവർക്കു, നിർണ്ണയപ്രകാരം വിളിക്കപ്പെട്ടവർക്കു തന്നെ, സകലവിനന്മയ്ക്കായി കൂടി വ്യാപരിക്കുന്നു" (റോമ. 8:28).

സാത്താൻ എതിർത്തേക്കാം, ലോകം വെറുത്തേക്കാം, ജഡം എതിര് നിന്നേയ്ക്കാം, എല്ലാ കൊടുങ്കാറ്റുകളും എതിരെ വന്നേക്കാം, ആത്മാവ് സുരക്ഷിതമാണ്, അവിടുത്തെ കരങ്ങളിൽ, നിങ്ങളുടെ ജീവൻ ക്രിസ്തുവിനോടുകൂടെ ദൈവത്തിൽ മറഞ്ഞിരിക്കുന്നു " (കൊലൊ.3:3). ചിലപ്പോൾ ഈ കൂടാരത്തിൽ ഇരിക്കുന്നിടത്തോളം ഭാരപ്പെട്ടു ഞരങ്ങുന്നു (2കൊരി. 5:4); എന്നാൽ നിങ്ങൾ സന്തോഷിക്കും. അവൻ സമയത്തിന്റെ കർട്ടനിലൂടെ നോക്കുന്നു, അത് നിത്യമായ മഹത്വത്തിൽ തൂങ്ങി കിടക്കുന്നു; സന്തോഷകരമായ പ്രതീക്ഷകളുമായി വേഗത്തിൽ മൂടുപടവുമായി പ്രവേശിക്കുന്നു, അവൻ ദീർഘക്ഷമയോടെ സഹിക്കുന്നു, പരീക്ഷകളുടെ ഈ മാറുന്ന ലോകത്ത്.

ദൈവത്തിന്റെ വചനവും അതിന്റെ പ്രവൃത്തിയും കുട്ടികൾ സമാനമായ ലാളിത്വവും സ്വീകരിച്ച് സന്തോഷമുള്ളവരായിരിക്കുന്നു. മറഞ്ഞിരിക്കുന്ന മന്നയാൽ പോഷിപ്പിക്കപ്പെട്ട അവർ ദൈവത്തെ അറിയുന്നു. ദൈവത്തിന്റെ വാഗ്ദത്തങ്ങളിൽ സത്യവും സംരക്ഷണവും കാണുന്നു.

തന്റെ ദിവസങ്ങൾ തന്നെ ബദ്ധപ്പെടുത്തുന്നു എന്ന് അവൻ അറിയുന്നു,

(ശേഷം 8-ാം പേജിൽ)

അച്ചടക്കം - ശക്തിയുടെ രഹസ്യം

By Joseph Parker

അച്ചടക്കം ശക്തിയും രഹസ്യവുമാണ്, ശക്തി വിജയത്തിന് അടിസ്ഥാനഘടകമാണ്. ഓരോ പ്രഭാതത്തിലും, വളരെ അത്യാവശ്യ വേളകൾ ഒഴിച്ചാൽ നാം കൂട്ടായ്മയ്ക്കായി ദൈവമുമ്പാകെ വരേണ്ടതാണ്. ആതൊടൽ നമുക്ക് ജീവിതത്തിൽ ഉന്മേഷവും സന്തോഷവും തരുവാനിടയാകും, ധാർമ്മിക ജീവിതത്തിന്റെ യഥാർത്ഥ സ്പർശനാനുഭവത്തിലേക്ക് വിളിയുണ്ടാകുവാനിടയാകുന്നു.

ക്രിസ്തീയ അച്ചടക്കത്തെക്കുറിച്ച് അറിയേണമെങ്കിൽ, അതുപോലെ അനുഭവമുള്ള ഒരു മനുഷ്യനെക്കുറിച്ച് അപ്പോസ്തലനായ പൗലൊസ് പറയുന്നു. വിജയത്തിലേക്ക് കുതിക്കുന്ന ഒരു ഓട്ടക്കാരനെക്കുറിച്ച് പറയുന്നു: “ അങ്കം പൊരുതുന്നവൻ സകലത്തിലും വർജ്ജനം ആചരിക്കുന്നു” (1കൊരി. 9:25). മറ്റുള്ളവരോട് പ്രസംഗിച്ചശേഷം ഞാൻ തന്നെ കൊള്ളരുതാത്തവനായി പോകാതിരിക്കേണ്ടതിന് എന്റെ ശരീരത്തെ ദണ്ഡിപ്പിച്ച് അടിമയാക്കുകയത്രേ ചെയ്യുന്നത് ” (9:27).

ഇത് ഒരു കഠിന പ്രവൃത്തിയാണ്. ഒരു കലഹക്കാരനായ കുട്ടിയെ ശാന്തമാക്കികൊണ്ടു വരാനുള്ള വഴിയാണത്. സകലത്തിലും ഞങ്ങളെ ദൈവത്തിന്റെ ശുശ്രൂഷകരായികാണിക്കുന്നു. ബഹുസഹിഷ്ണത, കഷ്ടം, ബുദ്ധിമുട്ട്, സങ്കടം, തല്ല്, തടവ്, കലഹം, അദ്ധ്വാനം, ഉറക്കിളെപ്പ്, പട്ടിണി, നിർമ്മലത, പരിജ്ഞാനം, ദീർഘക്ഷമ, ദയ (2കൊരി. 6:4,5) ഇതാണ് ഏകാഗ്രത! ഇതാണ് ക്രിസ്തുവിനോടുള്ള വിശ്വസ്തത.

എന്നാൽ ഇതെല്ലാം ശാരീരിക അച്ചടക്കമാണ്. സത്യം; എന്നാൽ ആത്മിക അച്ചടക്കത്തെ ഇവിടെ നിഷേധിക്കുന്നില്ല. വ്യത്യാസം എന്നത്, ശാരീരിക അച്ചടക്കം പുറമേയുള്ള തെളിവായ അകത്തെ മനുഷ്യന്റെ പുറമേയുള്ള തെളിവായ അകത്തെ മനുഷ്യന്റെ ആത്മീക മനുഷ്യന്റെ പുറമേയുള്ള തെളിവാണ്. “നമുക്കു പോരാട്ടം ഉള്ളത് ജഡരക്തങ്ങളോടല്ല, വാഴ്ചകളോടും അധികാരങ്ങളോടും അന്ധകാരത്തിന്റെ ലോകാധിപതികളോടും സ്വർലോകത്തിലെ ദുഷ്ടാത്മ സേനയോടും അത്രേ” (എഫെ. 6:12).

പിന്നെ എന്താണ്? “ദൈവത്തിന്റെ സർവ്വായുധവർഗ്ഗം ധരിപ്പിൻ” (എഫെ. 6:11).“സർവ്വായുധവർഗ്ഗം ധരിപ്പിൻ, നിർമ്മദരായിരിപ്പിൻ, ഉണർന്നിരിപ്പിൻ. വിശ്വാസത്തിന്റെ നല്ല പോർ പൊരുതുക, നിത്യജീവനെ പിടിച്ചുകൊൾക” (1തിമൊ. 6:12). അപ്പോസ്തലനായ പൗലൊസ് മറ്റുള്ളവരെ പ്രബോധിപ്പിക്കുന്നത്, താൻ ചെയ്തതുപോലെ നിങ്ങളും ചെയ്യുവിൻ എന്നാണ്. “ ഞാൻ നല്ല പോർ പൊരുതു, ഓട്ടം തികെച്ചു, വിശ്വാസം കാത്തു” (2തിമൊ. 4:7).

അപ്പോസ്തലനായ പത്രൊസും ഒരു അച്ചടക്കക്കാരൻ ആയിരുന്നു. “ അതുകൊണ്ട് സഹോദരന്മാരേ, നിങ്ങളുടെ വിളിയും തെരഞ്ഞെടുപ്പും ഉറപ്പാക്കുവാൻ അധികം ശ്രമിപ്പിൻ. ഇങ്ങനെ ചെയ്താൽ നിങ്ങൾ ഒരുനാളും ഇടറിപ്പോകാതെ നമ്മുടെ കർത്താവും രക്ഷിതാവുമായ യേശുക്രിസ്തുവിന്റെ നിത്യ രാജ്യത്തിലേയ്ക്കുള്ള പ്രവേശനം ധാരാളമായി പ്രാപിക്കും ” (2പത്രൊ. 1:10,11).

അച്ചടക്കം എന്നതിന്റെ ആവശ്യകത നിങ്ങൾ മറന്നുപോയോ? അപ്പോസ്തലനായ പൗലൊസ് പറയുന്നത് നാം ജഡത്തിനായി മാത്രം ജീവിക്കുന്നു എങ്കിൽ മരിക്കും നിശ്ചയം, എന്നാൽ ആത്മാവിനാൽ മർത്യശരീരങ്ങളെ മരിപ്പിക്കുന്നു എങ്കിൽ നാം ജീവിക്കും. ഇത് രാജ്യത്തിന്റെ നിയമമാണ്. അന്ത്യ വിജയവും സമാധാനവും പ്രാപിപ്പാനുള്ള ഏകവഴി ഇതാണ്. “ ഇപ്പോഴോ നിങ്ങളും കോപം ക്രോധം, ഈർഷ്യ, വായിൽ നിന്നും വരുന്ന ദൂഷണം ദുർഭാഷണം ഇവയൊക്കെയും വിട്ടുകളവിൻ. അന്യോന്യം ഭോഷ്ക്ക് പറയരുത്. നിങ്ങൾ പഴയ മനുഷ്യനെ അവന്റെ പ്രവൃത്തികളോടുകൂടെ ഉരിഞ്ഞു കളഞ്ഞു (കൊലൊ. 3:8,9). അവനിൽ ഈ പ്രത്യാശ ഉള്ളവൻ എല്ലാം അവൻ നിർമ്മലനായിരിക്കുന്നതുപോലെ തന്നെ തന്നെ നിർമ്മലീകരിക്കുന്നു” (1യോഹ. 3:3).

നാം അച്ചടക്കത്തിൽ വളരേണം. സ്വയശോധന നമ്മുടെ ദൈനംദിന ജീവിതത്തിന്റെ ആദ്യദൗത്യമാണ്. ആത്മാവിന്റെ വാളില്ലാതെ എങ്ങും പോകരുത്. നിങ്ങളുടെ ദൈവവുമായി കാത്തിരുന്ന് രഹസ്യത്തിൽ കൂട്ടായ്മയില്ലാതെ ഒരു ചുവടുപോലും മുന്നോട്ടു പോകരുത്. കുടുംബകാര്യങ്ങൾക്ക് വേണ്ടിയോ മറ്റു കാര്യങ്ങൾക്കുവേണ്ടി വാദിക്കരുത്, സമൂഹത്തിൽ നിഷേധകാത്മകമായ നിലപാടെടുക്കരുത്. നമ്മുടെ ശാരീരികമായ ആവശ്യങ്ങൾക്ക് മുൻഗണന കൊടുക്കുന്നില്ല എന്നത്, നിത്യമായ കാര്യങ്ങൾക്കുവേണ്ടി നിൽക്കുന്നു എന്നതിന് തുല്യമാണ്.

“ ക്രിസ്തുയേശുവിന്റെ നല്ല ഭടനായി നീയും എന്നോടുകൂടെ കഷ്ടം സഹിക്ക” (2തിമൊ. 2:3). “ നീയോ ദൈവത്തിന്റെ മനുഷ്യനായുള്ളോവേ അതു വിട്ടോടി നീതി ഭക്തി, വിശ്വാസം, സ്നേഹം, ക്ഷമ, സൗമ്യത എന്നിവയെ പിന്തുടരുക ” (1തിമൊ. 6:11). “ഗൃഹ വിചാരകന്മാരിൽ നിന്നും അന്വേഷിക്കുന്നതോ അവർ വിശ്വസ്തരായിരിക്കേണം എന്നത്രേ (1കൊരി. 4:2).

നാം ഒരു കിരീടത്തിന് വേണ്ടി പോരാടുകയാണോ? നാം ക്രിസ്തുവിന്റെ പോരാളികളല്ലേ? പടചേർത്തവനെ പ്രസാദിപ്പിക്കേണ്ടതിന് യാതൊരു പടയാളിയും ജീവനകാര്യങ്ങളിൽ ഇടപെടാതരിക്കുന്നു. “ഒരുത്തൻ മല്ലുകെട്ടിയാലും ചട്ടപ്രകാരം പോരായ്കിൽ കിരീടം പ്രാപിക്കയില്ല” (2തിമൊ. 2:4,5). ഓരോ പ്രഭാതത്തിലും സ്വർഗ്ഗീയ ഉറവയുടെ ഒഴുക്ക് നിയന്ത്രിക്കുവാൻ ബുദ്ധിമുട്ടുന്നുണ്ടോ? ദൈവത്തെ ബഹുമാനിക്കുവാൻ ഒരു കർക്കശമായ നിലപാട് സ്വീകരിച്ചിട്ടുണ്ടോ? പ്രഭാതം നിങ്ങൾ ക്ക് മുടങ്ങാറുണ്ടോ? നിശ്ചയമില്ലാത്ത അതിഥിയെപ്പോലെയാണോ സൂര്യൻ ഉദിക്കുന്നത്? ചഞ്ചലഹൃദയമുള്ളവനായിട്ടാണോ ദൈവം നിങ്ങൾക്ക് പ്രത്യക്ഷപ്പെടുന്നത്?

ദൈവത്തെ ഞാൻ യഥാർത്ഥമായി സ്നേഹിക്കുന്നു എങ്കിൽ എന്റെ ദിനം തോറുമുള്ള ദൈവവുമായുള്ള സംസാരത്തിൽ ഇടപെടുവാൻ ഒന്നിനെയും അനുവദിക്കുകയില്ല. “ ഏറിയ വെള്ളങ്ങൾ പ്രേമത്തോടെ കെടുപ്പാൻ പോരാ നദികൾ അതിനെ മുക്കികളകയില്ല ” (ഉത്ത. 8:7). ഞാൻ കൂടുതൽ വാദങ്ങൾ ആഗ്രഹിക്കുന്നില്ല; കൂടു

(ശേഷം 7-ാംപേജിൽ)

വചനത്തെ ഉയർത്തി ലോകത്തിന് വെളിച്ചം കൊടുക്കാം

By Kathy Branzell

കർത്താവേ, അവിടുന്നാണ് എന്റെ വെളിച്ചം, കർത്താവ് എന്റെ ഇരുളിനെ പ്രകാശിപ്പിക്കും. “ നിന്നാൽ ഞാൻ പടക്കൂട്ടത്തിന്റെ നേരെ പാഞ്ഞു ചെല്ലും. എന്റെ ദൈവത്താൽ ഞാൻ മതിൽ ചാടി കടക്കും. ദൈവത്തിന്റെ വഴി തികവുള്ളത്, യഹോവയുടെ വചം ഊതി ക്കഴിച്ചത്; തന്നെ ശരണമാക്കുന്ന ഏവർക്കും അവൻ പരിച ആകുന്നു ” (2ശമു. 22:30-31).

യേശുവേ, അങ്ങയിൽ ഉള്ള വിശ്വാസത്തെ ഞങ്ങൾ ഊന്നി പറയുന്നു. അവിടുന്ന് ലോകത്തിന്റെ വെളിച്ചം ആകുന്നു, അങ്ങയിൽ ഇരുട്ടില്ല. കർത്താവേ, അവിടുന്ന് ഞങ്ങളുടെ വെളിച്ചം ആകുന്നു, ഞങ്ങളുടെ ദൈവം ഞങ്ങളുടെ ഇരുളിനെ പ്രകാശിപ്പിക്കുന്നു. ഞങ്ങളിലുള്ള ഭയത്തെയും ഞങ്ങളുടെ ചുറ്റുപാടും വ്യാപരിക്കുന്ന ഇരുളിനെ ഞങ്ങൾ ശ്രദ്ധിക്കുന്നതും ഞങ്ങളോടു ക്ഷമിക്കേണമേ, പകരം വിശ്വാസവും ഞങ്ങൾ വിളിക്കപ്പെട്ടരിക്കുന്ന മലമേൽ ഇരിക്കുന്ന പട്ടണം പോലെ അനേകർക്കു പ്രകാശമാകുവാൻ വെളിച്ചവും ഞങ്ങൾക്കു നല്കേണമേ. വെളിച്ചമില്ലാതിരിക്കുമ്പോൾ ഇരുളിനെ വസിക്കുവാനനുവദിക്കുന്ന ഞങ്ങളുടെ രാജ്യത്തോട് ക്ഷമിക്കേണമേ. ഇരുട്ടിനെ വസിക്കുവാനനുവദിക്കുന്ന ഞങ്ങളുടെ രാജ്യത്തോട് ക്ഷമിക്കേണമേ. ഇരുട്ടിനെ ഞങ്ങളുടെ സഭകളിൽ നിന്നും പുറത്താക്കുവാൻ ഞങ്ങളെ നയിക്കേണമേ, കുടുംബങ്ങളിൽ നിന്നും, വിദ്യാഭ്യാസമേഖകളിൽ നിന്നും വ്യാപാരമേഖലകളിൽ നിന്നും രാജ്യ രക്ഷാ സംവിധാനങ്ങളിൽ നിന്നും, ഞങ്ങളുടെ ഗവൺമെന്റിൽ നിന്നും കലകൾ, സന്തോഷങ്ങൾ, മാധ്യമങ്ങൾ എന്നിവയിൽ നിന്നും അകറ്റേണമേ.

വിശ്വാസത്താൽ ഞങ്ങൾ രക്ഷിക്കപ്പെട്ടിരിക്കുന്നു, ഒരിക്കൽ ഞങ്ങളെ അടിമകളാക്കി നടക്കുമാറാക്കിയ ഇരുട്ടിന്റെ പ്രവർത്തികളിൽ നിന്നും ഞങ്ങളെ സ്വതന്ത്രരാക്കി ജീവന്റെ പുതുക്കത്തിൽ നടക്കുമാറാക്കിയ അങ്ങേയ്ക്കു നന്ദി. വെളിച്ചം ഇരുളിനെ പുറത്താക്കുന്നു, മറഞ്ഞിരിക്കുന്ന ദുഷ്ടതകളെ അകറ്റുന്നു, അതുകൊണ്ട് ഞങ്ങളെ തന്നെ സമർപ്പിച്ച് പ്രകാശിക്കുവാൻ ഞങ്ങളെ ഒരുക്കേണമേ! കർത്താവേ, ഞങ്ങൾ അങ്ങിൽ ധൈര്യം പ്രാപിച്ച് പടക്കൂട്ടത്തിന്റെ നേരെ പാഞ്ഞു ചെല്ലുവാൻ ഞങ്ങളെ സഹായിക്കേണമേ, ഞങ്ങളുടെ ദൈവത്താൽ നല്ല പോർ പൊരുതു വിശ്വാസത്തെ കാക്കുവാൻ ഞങ്ങളെ സഹായിക്കേണമേ. ജീവിക്കുന്ന വിളക്കുകളായി ഞങ്ങളുടെ സമൂഹത്തിൽ ഞങ്ങളുടെ രാജ്യത്ത് പ്രകാശിക്കുവാൻ ഞങ്ങളെ സഹായിക്കേണമേ. അവിടുന്നു ഞങ്ങളിൽ ഇരിക്കുന്നു എന്നുള്ളതുകൊണ്ട് ഒരു ശത്രുവിനെയും ഞങ്ങൾക്ക് ഭയപ്പെടുവാനില്ല.

കർത്താവേ, അവിടുത്തെ വഴി നേരുള്ളത്, അവിടുത്തെ നാമം നിമിത്തം നീതിയുടെ പാതകളിൽ ഞങ്ങളെ നടത്തേണമേ. അവിടുത്തെ വചനം ഞങ്ങളുടെ കാലിനു ദീപവും ഞങ്ങളുടെ പാതെക്കു പ്രകാശവും ആകുന്നു. അവിടുത്തെ വചനം സത്യം ആകുന്നു. സമൃദ്ധിയായി ജീവന്റെ വഴിയിൽ നടക്കുവാൻ അത് ഞങ്ങളെ പഠിപ്പിക്കുന്നു. മരണത്തിൽ നിന്നും ശത്രു ഒരുക്കുന്ന നാശത്തിൽ നിന്നും ഞങ്ങളെ അവിടുന്നു രക്ഷിച്ചപ്പോൾ അതു ഞങ്ങൾക്ക് നൽകി. അവിടുത്തെ വചനം വായിക്കുവാൻ പഠിക്കുവാൻ, അവിടുത്തെ വചനപ്രകാരം ജീവിക്കുവാൻ സത്യത്താൽ ഞങ്ങളെ നിറയ്ക്കേണമേ.

അങ്ങയിൽ ആശ്രയിക്കുന്ന എല്ലാവർക്കും അവിടുന്ന് പരിചയാകുന്നു. ഞങ്ങൾ അങ്ങയിൽ വസിക്കുന്ന അവിടുത്തെ വചനം ഞങ്ങളിൽ വസിക്കുന്നു എന്ന നിലയിൽ, വിശ്വാസത്തിന്റെ പരിച എടുത്തും കൊണ്ട് ദൈവവചനം എന്ന ആത്മാവിന്റെ വാളും എടുത്തുകൊണ്ട് ഇരുളിന്റെ നേരെ പാഞ്ഞടുത്ത് വചനത്തെ ഉയർത്തി ലോകത്തിന് വെളിച്ചം കൊടുക്കാം. യേശുവിന്റെ നാമത്തിൽ പ്രാർത്ഥിക്കുന്നു ആമേൻ.

❖

കൂട്ടായ്മ - അടിസ്ഥാനം പ്രാർത്ഥന

By S.D.Gordon

പ്രാർത്ഥനയുടെ ആദ്യ രൂപം പ്രാർത്ഥനയാണ്. ഇത് ദൈവത്തോട് നല്ല മനസാക്ഷിയായിരിക്കുകയാണ്. കാൽവറി ക്രൂശിൽ ചൊരിഞ്ഞ രക്തം അടിസ്ഥാനമായ നല്ല മനസാക്ഷിയാണ്. ഇത് കർത്താവായ യേശുവിലൂടെ ഞാൻ ദൈവത്തിങ്കലേക്ക് വരുന്നതും ഉൾപ്പെടുന്നതാണ്. ഒരു പ്രത്യേക കാര്യത്തിനുവേണ്ടിയുള്ള അപേക്ഷയല്ല; ചോദിക്കുക അല്ല; ദൈവവുമായുള്ള ഒരു സന്തോഷം, സ്നേഹം , അവിടുത്തെക്കുറിച്ച് ചിന്തിക്കുന്നു, എത്ര മനോഹരം, നല്ല ബുദ്ധി, ശക്തമായ സ്നേഹം സ്നേഹിക്കാൻ കൊള്ളാകുന്നവനാണ് അവിടുന്ന്. അവിടുന്ന് ആരെക്കാളും ഉന്നതൻ, നിത്യനായ ദൈവം അതാണ് സത്യമായ ആരാധന. ഏറ്റുപറച്ചിൽ എന്റെ ഭാഗവും ക്ഷമിക്കുക എന്ന ദൈവത്തിന്റെ ഭാഗവും അതിൽ എന്റെ ആവശ്യവും ഉൾപ്പെടുന്നു, കൂട്ടായ്മയോടുള്ള ബന്ധത്തിൽ അടുത്തു വരുന്നു. മഹത്വവും ആരാധനയും അതിന്റെ ആദ്യ രൂപമായ പ്രാർത്ഥനയിൽ അർപ്പിക്കുന്നു. കൂട്ടായ്മ യാണ് പ്രാർത്ഥനയുടെ അടിസ്ഥാനം. യഥാർത്ഥ ക്രിസ്തീയ ജീവിതത്തിന്റെ ശ്വാസോച്ഛ്വാസമാണ് പ്രാർത്ഥന.

❖

(6-ാംപേജിന്റെ തുടർച്ച)

അച്ചടക്കം ശക്തിയുടെ രഹസ്യം

തൽ സ്നേഹം ഞാൻ ആഗ്രഹിക്കുന്നു. ഞാൻ കർത്താവിൽ നിന്നും കേൾക്കുവാൻ മാത്രമല്ല ആഗ്രഹിക്കുന്നത്, ഓരോ പ്രഭാതത്തിലും അവിടുത്തെ കാണുവാൻ ഞാൻ ആഗ്രഹിക്കുന്നു.

അവിടുത്തെ എഴുതപ്പെട്ട വചനം മുഴുവൻ ദയയാൽ നിറഞ്ഞിരിക്കുന്നു, അവിടുത്തെ ശബ്ദത്തിലെ സംഗീതം എന്റെ ഹൃദയത്തിന്റെ ആനന്ദമാണ്. ആ മൃദു സ്വരം കേൾക്കുവാനാഗ്രഹിക്കുന്നു. അവിടുത്തെ പ്രകാശമുള്ള മുഖം കാണുവാൻ ഞാൻ ആഗ്രഹിക്കുന്നു. എന്നെ ശക്തീകരിക്കുന്ന ഒരു തൊടൽ ഞാൻ ആഗ്രഹിക്കുന്നു. അതിരാവിലെ

(ശേഷം 8-ാംപേജിൽ)

(2-ാംപേജിന്റെ തുടർച്ച)

ദൈവത്തിലുള്ള വിശ്വാസത്തോടു കൂടെ ഭാവിയെ നേരിടുക

“വിശ്വസിക്കുവാൻ പ്രയാസമാണ്. ഒരു കൊച്ചു കുട്ടി ആശ്രയിക്കും. നിങ്ങൾ ആശ്രയിക്കുന്നതിനെക്കുറിച്ച് ചിന്തിക്കേണ്ടാ”, വർഷങ്ങൾ കഴിഞ്ഞുപോയി, അത് എന്റെ ഹൃദയത്തെ ധൈര്യപ്പെടുത്തി, എന്റെ ഹൃദയത്തിന് ആശ്വാസം നൽകി.

“പൂർണ്ണ ഹൃദയത്തോടെ യഹോവയിൽ ആശ്രയിക്ക; സ്വന്ത വിവേകത്തിൽ ഊന്നരുത് ” (സദൃശ. 3:5). നാം പൂർണ്ണഹൃദയത്തോടെ ദൈവത്തിൽ ആശ്രയിക്കുകയും ചെയ്യുന്ന നിലയിൽ, ഒന്നിനെയും ഭയപ്പെടുവാനോ, നിരാശപ്പെടുത്തുവാനോ ഇല്ല. നാം മനസ്സിലാക്കുവാനായി പ്രത്യേകം പഠിക്കുന്നുമില്ല. “പിശാചിനോട് എതിർത്തു നില്പിൻ. അവന് ഇടം കൊടുക്കരുത് ”. (യാക്കോ. 4:7,8; എഫെ. 4:27).

മഴ മേഘങ്ങളിൽ മഴവില്ലു കാണുക.

ദൈവം അത്ഭുതങ്ങളുടെ ദൈവമാണ്. അവിടുത്തെ വഴികൾ നമ്മുടെ വഴികൾ അല്ല (യെശ. 55:8-13). ഒരു പുത്രൻ അവകാശിയും ആയവനെ അബ്രഹാമിന് വാഗ്ദത്തം ചെയ്തു അതു നിവർത്തിയായി. മൃതപ്രായനായ അബ്രഹാമിന് യിസ്ഹാക്ക് ജനിച്ചു (എബ്രാ. 11:8-12).

എപ്പോഴാണ് കർത്താവ്, അത്ഭുതങ്ങൾ പ്രവർത്തിക്കുന്ന ദൈവപുത്രൻ, രണ്ട് കള്ളന്മാരുടെ മധ്യേ ക്രൂശിക്കപ്പെട്ട് ശിഷ്യന്മാർ ചിതറപ്പെട്ടു, അർദ്ധ രാത്രിയുടെ മ്ലാനതയിലല്ല, ഉച്ചരിച്ചു കൂടാത്ത പരാജയം എല്ലാവരുടെയും കാഴ്ചയിൽ തന്നെ പിന്തുടരുന്നവർക്കു വേണ്ടിയല്ലയോ? എങ്കിലും ഏകദേശം അൻപതു ദിവസങ്ങൾക്കുശേഷം ഒരു വലിയ ഉണർവ്വ് പൊട്ടിപ്പുറപ്പെട്ടു പെന്തെക്കോസ്തു നാളിൽ.

കാൽവരി മുതൽ ഇരുളടഞ്ഞ മണിക്കൂറുകൾ ഉള്ള ആ ദിവസത്തിൽ പോലും ജാതികളെ രക്ഷിക്കേണ്ടതിന് സ്വാഭാവിക കൊമ്പുകളെ ഒടിച്ചുകളഞ്ഞ അവരെ ഒട്ടിച്ച്, അവനിൽ വിശ്വസിക്കേണ്ടതിന് പെന്തെക്കോസ്ത് നമുക്കായി ഒരുക്കി (റോമ. 11:1-32) നമ്മുടെ മുഖം തിരിച്ച് (ദാനി. 9:3). ദൈവത്തെ മുറുകെ പിടിച്ച് (യെശ. 64:7), ദൈവം വന്ന് മഴ പെയ്യിച്ച് നീതി വർഷിപ്പിക്കുന്നതുവരെയും പ്രാർത്ഥിക്കാം (ഹോശ. 10:12). ❖

(4-ാംപേജിന്റെ തുടർച്ച)

ദൈവത്തിന്റെ നാളിനായി എന്റെ ഹൃദയത്തെ ഒരുക്കുക

സിനെ ഏറ്റുപറച്ചിലിലേയ്ക്ക് നയിക്കും, നന്ദിയർപ്പണത്തിലേയും മദ്ധ്യസ്ഥതയിലേക്കും അനുതാപത്തിലേക്കും എന്നാൽ ഇവയെല്ലാം എന്നെ വചനധ്യാനത്തിലേക്കും പ്രാർത്ഥനയിലേക്കും നടത്തുന്നു, വേഗത്തിൽ അത് കൂടുതലോ കുറഞ്ഞോ ഉള്ള പ്രാർത്ഥനയിലേക്ക് മാറുന്നു.

അങ്ങനെ ഞാൻ കുറെ നേരം, ഏറ്റുപറച്ചിലിനായും അല്ലെങ്കിൽ അനുതാപത്തിനായും മധ്യസ്ഥതക്കായും, അല്ലെങ്കിൽ നന്ദിയർപ്പണത്തിനായും ഞാൻ വീണ്ടും അടുത്ത വചനത്തിലേക്കും വാചകത്തിലേക്ക് പോകുന്നു, എല്ലാം മാറുന്നു, ഞാൻ മുന്നോട്ടു പോകുന്നു, എനിക്കു വേണ്ടിയോ മറ്റുള്ളവർക്കു വേണ്ടിയോ ഉള്ള പ്രാർത്ഥനയിലേക്ക്, ദൈവവചനം നയിക്കുന്നതുപോലെ, എന്നാൽ എപ്പോഴും തുടർച്ചയായി ഞാൻ ചെയ്തു വരുന്ന കാര്യം എന്റെ ആത്മാവിന്റെ സ്വന്തം പോഷണത്തെ സഹായിക്കുവാനാണ് എന്റെ വചന ധ്യാനം.

വ്യത്യാസം എന്നത്, അപ്പോൾ എന്റെ കഴിഞ്ഞ കാല അനുഭവവും ഇപ്പോഴത്തെ അനുഭവവും ഇതാണ്. രാവി ലെ ഞാൻ ഉണരുമ്പോൾ കഴിയുന്നതും വേഗം പ്രാർത്ഥിപ്പാൻ തുടങ്ങും, പ്രഭാത ഭക്ഷണത്തിനു മുമ്പുള്ള സമയം ഞാൻ പൊതു വേ പ്രാർത്ഥനയിൽ ചെലവിടും, ഏകദേശം എല്ലാ സമയവും. ഏകദേശം എല്ലായ്പ്പോഴും മാറ്റമില്ലാതെ പ്രാർത്ഥനയിൽ തുടരുന്നു, വചനം വായിക്കുന്നു, എന്റെ പോഷണത്തിനായി പുതുക്കത്തിനായി ഉണർവ്വിനായി.

എന്നാൽ എന്താണിതിന്റെ പരിണതഫലം? ഞാൻ ചിലപ്പോൾ പതിനഞ്ച് മിനിട്ട് പ്രാർത്ഥിക്കും. ചിലപ്പോൾ അത് അരമണിക്കൂർ ആകും; അത് ചില സമയം ഒരു മണിക്കൂർ മുഴങ്കാലിന്മേൽ നില്ക്കും, ആശ്വാസത്തിനായി, ധൈര്യത്തിനായി, ദൈവസന്നിധിയിൽ എന്നെത്തന്നെ താഴ്ത്തുവാനായി, ഒരു പക്ഷേ, വേദനപ്പെട്ടിരിക്കുമ്പോൾ മനസ് ഭാരപ്പെട്ടിരിക്കുമ്പോൾ, ആദ്യ പത്തു മിനിട്ട്, അല്ലെങ്കിൽ കാൽ മണിക്കൂർ, അര മണിക്കൂർ, ഞാൻ പ്രാർത്ഥിക്കാനാരംഭിക്കും.

ഞാൻ ഏകദേശം എപ്പോഴും ഈ നിലയിൽ പ്രാർത്ഥിക്കുന്നു. എന്റെ ഹൃദയം സത്യത്താൽ പോഷിപ്പിക്കപ്പെട്ടിരിക്കുന്നു, ദൈവവുമായുള്ള കൂട്ടായ്മയുടെ അനുഭവത്തിൽ ആയിരിക്കുന്നു, ഞാൻ എന്റെ പിതാവിനോട് സംസാരിക്കുന്നു, എന്റെ സ്നേഹിതനായ ദൈവത്തോട് (എളിയവനായ ഞാൻ അയോഗ്യനായവൻ) അവിടുന്ന് സകലവും തന്റെ വചനത്താൽ എനിക്ക് നൽകുന്നവൻ. ഇത് പലപ്പോഴും എന്നെ അത്ഭുതപ്പെടുത്തുന്നു, ഞാൻ അത് കാണും.

എടുക്കൂ, ആ സുവർണ്ണ താക്കോൽ അവിടുന്നു വിളിക്കുന്നു. ആ വിശുദ്ധ സ്ഥലത്തേയ്ക്ക് പ്രവേശിക്ക. ❖

(5-ാംപേജിന്റെ തുടർച്ച)

നിൽക്ക അവിടുന്ന് ദൈവം എന്നറിയുക

അതുകൊണ്ട് അധൈര്യപ്പെടുന്നില്ല, എങ്കിലും ഒരു കൊടുങ്കാറ്റുള്ള രാത്രയിലേക്ക് അവർ നയിക്കപ്പെടുന്നു. അവൻ സർവ്വശക്തനായ തന്റെ പിതാവിന്റെ സ്വരം കേൾക്കുന്നതുകൊണ്ട് തന്റെ ഭയം അകലുന്നു, “ മിണ്ടാതിരുന്നു ഞാൻ ദൈവം എന്ന് അറിഞ്ഞുകൊൾവിൻ”, പൂർണ്ണ സമാധാനത്തിൽ കാക്കുന്നു.

വരിക, അപ്പോൾ, എന്റെ ആത്മാവേ, ധൈര്യമായിരിക്ക കർത്താവ് വാഴുന്നു, ഭൂമി എപ്പോഴും ശാന്തമാണ്. ദാവീദിനോട് ചേർന്ന് പാടുക, “ദൈവം നമ്മുടെ സങ്കേതവും ബലവും ആകുന്നു; കഷ്ടങ്ങളിൽ അവൻ ഏറ്റവും അടുത്ത തുണയായിരിക്കുന്നു” (സങ്കീ. 46:1). ഭൂമിയിലെ സംഭവങ്ങളിൽ ഭയപ്പെടുക. ദൈവത്തെ മാത്രം ഭയപ്പെടുക; ദൈവത്തിന്റെ വാഗ്ദത്തങ്ങളിൽ മാത്രം വിശ്വസിക്ക; ദൈവത്തെ സ്നേഹിക്ക, സേവിക്ക; സകലവും നിങ്ങളുടെ നന്മയ്ക്കായി ഉതകട്ടെ; എല്ലാം തന്റെ മഹത്വത്തിനായി ത്തീരട്ടെ. ❖

(7-ാംപേജിന്റെ തുടർച്ച)

അച്ചടക്കം ശക്തിയുടെ രഹസ്യം

ഞാൻ ദൈവത്തെ നോക്കി പ്രാർത്ഥിക്കും. അതെ, ഓരോ പ്രഭാതത്തിലും ഞാൻ കർത്താവിന്റെ മുഖം അന്വേഷിക്കും! ❖

നമ്മോടുള്ള കർത്താവിന്റെ വ്യക്തിപരമായ സ്നേഹവും കരുതലും

By Rich Carmicheal

അനേകരുടെ കരുതലുകളുടെ മദ്ധ്യത്തിൽ, ഞാൻ ദൈവത്തെ അന്വേഷിച്ചപ്പോൾ, അവിടുന്ന് കൃപയോടുകൂടി എന്നെ ഓർമ്മിപ്പിക്കുന്നത്, എത്ര കൃപയുള്ളവനാണ് ദൈവം, അവിടുത്തെ സാന്നിദ്ധ്യം എത്ര വലുതാണ്, സഹായിപ്പാൻ കഴിവുള്ളവനാണ്, നമ്മോട് അടുത്ത ബന്ധത്തിൽ ഇടപെടുവാനായി എത്ര ആഗ്രഹമുള്ളവരായിരിക്കുന്നു. ഒറ്റവാക്കിൽ നമ്മെ ഓർപ്പിക്കുന്നത് ദൈവം വ്യക്തിപരമായി ഇടപെടുന്ന ദൈവമാണ്. ലാളിത്യമുള്ളവനാണ്, എന്നാൽ അഗാധമായ സത്യമുള്ളവനാണ്, അവിടുന്ന് തുടർച്ചയായി ആശ്വാസം തന്നു നമ്മെ ധൈര്യപ്പെടുത്തുന്നവനാണ്. വ്യക്തിപരമായി നമ്മെ തന്നിലേക്ക് ആകർഷിക്കുന്നവനാണ്. അതുപോലെ നമ്മെ അനുഗ്രഹിച്ചു തന്റെ ഹൃദയത്തിലുള്ളത് നമ്മോട് അറിയിച്ചു, നമുക്ക് ദൈവത്തോട് നിരന്തരമായി കൂട്ടായ്മ ഉണ്ട്.

നാം ദൈവത്തിന്റെ പ്രത്യേക സൃഷ്ടി

ആദ്യമായി, നമ്മുടെ ആസ്തിത്വം തെളിയിക്കുന്നത്, ദൈവത്തിന് നമ്മോടുള്ള വ്യക്തിപരമായ സ്നേഹവും താല്പര്യവുമാണ്. നമ്മൾ ആയിരിക്കുന്നത് തന്റെ രൂപകല്പനപ്രകാരവും തന്റെ കൈകളുടെ പ്രവർത്തിയുമാണ്. "നീയല്ലോ എന്റെ അന്തരംഗങ്ങളെ നിർമ്മിച്ചത്, എന്റെ അമ്മയുടെ ഉദരത്തിൽ നീ എന്നെ മെടഞ്ഞു" (സങ്കീ.139:13). നാം അവിടുത്തെ പ്രത്യേക സൃഷ്ടിയാണ്, അതുല്യമായതും വളരെ വ്യക്തിപരമായ വഴിയിലുമാണ് സൃഷ്ടിച്ചത്. തന്റെ സാദൃശ്യത്തിലും സ്വരൂപത്തിലും (ഉല്പ. 1:26,27). നാം അമ്മയുടെ ഉദരത്തിൽ ആയിരുന്നപ്പോൾ അവിടുന്ന് നമ്മെ അറിഞ്ഞു; നമ്മെ വിശദമായി നമ്മുടെ ജീവിതത്തേയും പരിതസ്ഥിതികളേയും അറിയുന്നു (സങ്കീ. 139:1-24). തന്റെ കണ്ണുകൾ നമ്മുടെ മേൽ ഇരിക്കുന്നു, അവിടുന്ന് നമുക്കുവേണ്ടി ആഴമായി കരുതുന്നു (1പത്രോ. 3:12, 5:7).

നാം അവിടുന്നു തന്നെ അറിയുവാൻ ആഗ്രഹിക്കുന്നു.

തന്റെ വലിയ ആഗ്രഹം നാം ദൈവത്തെ അറിയുക എന്നതും, അവിടുത്തോട് കൂട്ടായ്മ ആചരിക്കയും ചെയ്യുക എന്നതാണ്. ഏക സത്യ ദൈവമായ നിന്നെയും നീ അയച്ചിരിക്കുന്ന യേശുക്രിസ്തുവിനെയും അറിയുന്നതു തന്നെ നിത്യ ജീവനാകുന്നു" (യോഹ. 17:3). തന്നെ അന്വേഷിക്കേണ്ടതിന് അവിടുന്ന് നമ്മെ വിളിക്കുന്നു, അവിടുത്തെ മുഖം അന്വേഷിക്കാൻ അവിടുന്ന് ആഗ്രഹിക്കുന്നു, അവിടുന്ന് വാഗ്ദത്തം ചെയ്യുന്നു, പൂർണ്ണ ഹൃദയത്തോടും പൂർണ്ണമനസ്സോടും കൂടെ അന്വേഷിച്ചാൽ അവിടുത്തെ കണ്ടെത്തും (ആവ.4:29). നാം അവിടുത്തോട് അടുത്തു ചെല്ലുമ്പോൾ അവിടുന്ന് നമ്മോട് അടു ത്തു വരും (യാക്കോ. 4:8).

ആദിമുതലുള്ള ദൈവത്തിന്റെ ആഗ്രമായിരുന്നു നാം ദൈവത്തെ അറിയണമെന്നും തന്റെ സാന്നിദ്ധ്യത്തിൽ സന്തോഷിക്കേണം എന്ന്, ഏദെനിൽ വച്ച് ആദാമും ഹവ്വയും ചെയ്തതുപോലെ ബൈബിളിലുടനീളം ഈ ആഗ്രഹത്തെ നാം കാണുന്നു, പ്രത്യേകിച്ച് പുതിയ ഉടമ്പടിയുടെ രൂപീകരണത്തിൽ ഈ കാലം കഴിഞ്ഞ ശേഷം ഞാൻ യിസ്രായേൽ ഗൃഹത്തോട് ചെയ്യുവാനിരിക്കുന്ന നിയമം ഇങ്ങനെയാകുന്നു; ഞാൻ എന്റെ ന്യായപ്രമാണം അവരുടെ ഉ ള്ളിൽ ആക്കി അവരുടെ ഹൃദയങ്ങളിൽ എഴുതും; ഞാൻ അ വർക്കു ദൈവമായും അവർ എനിക്കു ജനമായും ഇരിക്കും. ഇനി അവരിൽ ആരും തന്റെ കൂട്ടുകാരനെയും തന്റെ സഹോദരനെയും കർത്താവിനെ അറിക എന്ന് ഉപദേശിക്കയില്ല; അവർ ആബാലവൃദ്ധം എല്ലാവരും എന്നെയും അ റിയും " (എബ്രാ. 8:10,11).

സ്നേഹം, സംരക്ഷണം, സാന്നിദ്ധ്യം

ദൈവം സ്നേഹിക്കുന്ന ദൈവം എന്നും തന്റെ സ്നേഹം നമുക്ക് പകർന്നു തരുന്നു എന്നു വേദപുസ്തകം വെളിപ്പെടുത്തുന്നു (റോമ.5:5). പൂർണ്ണ ഹൃദയത്തോടും, പൂർണ്ണ ആത്മാവോടും, പൂർണ്ണമനസ്സോടും, പൂർണ്ണ ശക്തിയോടും കൂടെ സ്നേഹിക്കേണം എന്ന് അവിടുത്ത് നമ്മെ വിളിക്കുന്നു (മർ. 12:30). മറ്റൊരുവിധത്തിൽ പറഞ്ഞാൽ, താൻ ഹൃദയാംഗയായി നമ്മെ സ്നേഹിക്കുന്നു. നാമും ദൈവത്തെ മുഴു ഹൃദയത്തോടെ സ്നേഹിക്കേണം എന്നും ദൈവം ആഗ്രഹിക്കുന്നു. അവിടുന്ന് ദാവീദിനെ അന്വേഷിച്ചു,കാരണം, "ദാവീദ് തന്റെ ഹൃദയപ്രകാരമുള്ള മനുഷ്യൻ ആയിരുന്നു" (1ശമു. 13:14). അതുപോലെ നമ്മുടെ ഹൃദയം ദൈവത്തിൽ നിന്നകന്നു പോകുമ്പോൾ ദു:ഖിക്കുന്നതും കാണാം, "എങ്കിലും നിന്റെ ആദ്യ സ്നേഹം വിട്ടുകളഞ്ഞു എന്നൊരു കുറ്റം നിന്നെക്കുറിച്ച് പറവാനുണ്ട്" (വെളി. 2:4).

തീർച്ചയായും, തന്റെ വചനത്തിലൂടെ പിന്നെയും പിന്നെയും നമ്മോടു പങ്കു വയ്ക്കുന്നത്, എത്രമാത്രം നമ്മെക്കുറിച്ച് ചിന്തയുള്ളവനായിരിക്കുന്നു, എത്രമാത്രം നമ്മോടു കൂടെയിരുന്ന് നമ്മെ സ ഹായിക്കുന്നു. താഴെ കൊടുത്തിരിക്കുന്ന ചില ഉദാഹരണങ്ങളിൽ നിന്ന് അത് വ്യക്തമാണ്.

" ഭയപ്പെടേണ്ട ഞാൻ നിന്നോട് കൂടെയുണ്ട്; ഭ്രമിച്ചു നോക്കേണ്ട ഞാൻ നിന്റെ ദൈവമാകുന്നു; ഞാൻ നിന്നെ ശക്തീകരിക്കും, ഞാൻ നിന്നെ സഹായിക്കും, എന്റെ നീതിയുള്ള വലങ്കൈകൊണ്ട് ഞാൻ നിന്നെ താങ്ങും. നിന്നോടു കോപിച്ചിരിക്കുന്ന എല്ലാവരും ലജ്ജിച്ചു അമ്പരന്നു പോകും" (യെശ. 41;10).

" നിങ്ങളുടെ വാർദ്ധക്യം വരെ ഞാൻ അനന്യൻ തന്നെ; നിങ്ങൾ നരക്കുവോളം ഞാൻ നിങ്ങളെ ചുമക്കും; ഞാൻ ചെയ്തിരിക്കുന്നു; ഞാൻ വഹിക്കുകയും ഞാൻ ചുമന്നു വിടുവിക്കയും ചെയ്യും" (യെശ. 46:4).

" നീതിമാന്മാർ നിലവിളിച്ചു; യഹോവ കേട്ടു, സകല കഷ്ടങ്ങളിൽ നിന്നും അവരെ വിടുവിച്ചു. ഹൃദയം നുറുങ്ങിയവർക്ക് യഹോവ സമീപസ്ഥൻ മനസു തകർന്നവരെ അ വൻ രക്ഷിക്കുന്നു " (സങ്കീ.34: 7,18).

" പുരാതനനായ ദൈവം നിന്റെ സങ്കേതം; കീഴെ ശാശ്വതഭുജങ്ങൾ ഉണ്ട് അവൻ ശത്രുവിനെ നിന്റെ മുമ്പിൽ നിന്നു നീക്കിക്കളഞ്ഞു സംഹരിക്ക എന്നു കല്പിച്ചിരിക്കുന്നു " (ആവർ. 33:27).

പ്രത്യേകബന്ധം

വസ്തുതകളെ അവിടുന്ന് വെളിപ്പെടുത്തിയിരിക്കുന്നത്, അവിടുന്ന് നമ്മുടെ സ്വർഗ്ഗീയ പിതാവും നാം അവിടുത്തെ പുത്രന്മാരും പുത്രിമാരുമാണ്. " കാണ്മീൻ നാം ദൈവമക്കൾ എന്ന് വിളിക്കപ്പെടുവാൻ പിതാവ് എത്ര വലിയ സ്നേഹം നൽകിയിരിക്കുന്നു; അങ്ങനെ തന്നെ നാം ആകുന്നു, ലോകം അവനെ അറിഞ്ഞിട്ടില്ലായ്കകൊണ്ട് നമ്മെയും

(ശേഷം 10-ാം പേജിൽ)

(9-ാം പേജിന്റെ തുടർച്ച)

അറിയുന്നില്ല" (1യോഹ.3:1). എത്ര അത്ഭുതകരമാണ് അത്. "നാം മക്കൾ ആകകൊണ്ട് അബ്ബാ പിതാവേ എന്ന് വിളിക്കുന്ന സ്വപുത്രന്റെ ആത്മാവിനെ ദൈവം നമ്മുടെ ഹൃദയങ്ങളിൽ അയച്ചു (ഗലാ.4:6). നമ്മുടെ കൂട്ടായ്മ എന്നത്, "പിതാവിനോടും അവന്റെ പുത്രനായ ക്രിസ്തുവിനോടും കൂടെയത്രെ" (1യോഹ. 1:3).

നാം ഓരോരുത്തരുമായി സമയം ചെലവിടുവാനായി നമ്മുടെ പിതാവ് ആഗ്രഹിക്കുന്നു, തന്നോട് സ്വകാര്യമായ പ്രാർത്ഥനയ്ക്കായി അവിടുന്ന് വിളിക്കുന്നു. "നീയോ പ്രാർത്ഥിക്കുമ്പോൾ അറയിൽ കടന്ന് വാതിൽ അടച്ച് രഹസ്യത്തിലുള്ള നിന്റെ പിതാവിനോട് പ്രാർത്ഥിക്ക, രസഹ്യത്തിൽ കാണുന്ന നിന്റെ പിതാവ് നിനക്ക് പ്രതിഫലം തരും " (മത്താ.6:6). നമ്മുടെ സ്വർഗ്ഗസ്ഥനായ പിതാവ് എന്ന നിലയിൽ നമ്മുടെ ആവശ്യങ്ങൾക്കായി ദൈവത്തെയും അവിടുത്തെ നീതിയേയും തേടുവാൻ നമുക്കു കഴിയും (മത്താ. 6:31-33). നാം ചോദിക്കുമ്പോൾ നന്മകളെയും തന്റെ പരിശുദ്ധാത്മാവിനെയും നമുക്കു തരുന്നു (മത്താ. 7:11, ലൂക്കൊ.. 11:13). അതുപോലെ തന്നെ, നമ്മെ ശിക്ഷിച്ചു നേർവഴികാക്കുവാനായി ദൈവത്തിൽ ആശ്രയിപ്പാനായി കഴിയും, എത്ര നല്ല കരുതലാണ് ദൈവത്തിന് നമ്മോടുള്ളത് (എബ്രാ. 12:5-11).

പഴയനിയമത്തിൽ പ്രതിബിംബങ്ങളുടെ ഒരു കൂട്ടം വിവാഹ ജീവിതത്തെക്കുറിച്ച് നൽകിയിരിക്കുന്നു, തന്റെ വ്യക്തിപരമായ ബന്ധം വിശദീകരിക്കുവാനായി, യെശ. 54:5; യിരെ. 31:32). തന്റെ ജനം വ്യഭിചാരം ചെയ്തു തന്നോട് അവിശ്വസ്ത കാണിക്കുന്നതിനെക്കുറിച്ച് രേഖപ്പെടുത്തിയിരിക്കുന്നു (യിരെ.3:8). ക്രിസ്തുവും മണവാട്ടിയും തമ്മിലുള്ള ബന്ധത്തെ സൂചിപ്പിക്കുവാൻ ഇതിനെക്കാൾ ഏത് ബന്ധമാണ് സൂചിപ്പിക്കുവാനുള്ളത്?

പാപം ബന്ധത്തെ വിച്ഛേദിക്കുന്നു

പാപം ദൈവവുമായുള്ള ബന്ധത്തെ വിച്ഛേദിക്കുന്നു എന്ന് നമ്മുടെ കർത്താവ് കാണുകയാണ്. നമ്മുടെ അകൃത്യങ്ങൾ ദൈവത്തിൽ നിന്നും അകറ്റി തന്റെ മുഖം മറെച്ചുകളയുവാൻ കാരണമാക്കുന്നു (യെശ. 59:2). "നമ്മുടെ പാപം ദൈവത്തിന്റെ പരിശുദ്ധാത്മാവിനെ ദു:ഖിപ്പിക്കുന്നു " (എഫെ. 4:30).

ദൈവത്തിന്റെ ഹൃദയപ്രകാരമുള്ള മനുഷ്യനായ ദാവീദ് പാപം ചെയ്തപ്പോൾ തന്റെ വ്യക്തിപരമായ ബന്ധത്തെ അത് ബാധിക്കുകയാണ്. ദൈവം തന്റെ പാപത്തിൽ ദു:ഖിക്കുന്നു, നാഥാൻ പ്രവാചകനെ അയച്ചു അതിനെ നേരിടുന്നു, ബെത്സേബയുമായുള്ള പാപത്തിൽ ദൈവവുമായുള്ള ബന്ധം ഉലയുകയാണ്. "നിന്നോടുതന്നെ ഞാൻ പാപം ചെയ്തു, നിനക്ക് അനിഷ്ടമായുള്ളത് ഞാൻ ചെയ്തിരിക്കുന്നു, സംസാരിക്കുമ്പോൾ നീ നീതിമാനായും വിധിക്കുമ്പോൾ നിർമ്മലനായും ഇരിക്കേണ്ടതിന് തന്നേ. നിന്റെ സന്നിധിയിൽ നിന്ന് എന്നെ തള്ളിക്കളയരുതേ; നിന്റെ പരിശുദ്ധാത്മാവിനെ എന്നിൽ നിന്ന് എടുക്കയുമരുതേ" (സങ്കീ.57:4,11). ഉദ്ധാരണത്തിന്റെ താക്കോൽ തന്റെ വ്യക്തിപരമായ അധികാരത്തിലുള്ളതാണ് എന്നുകൂടെ ഇവിടെ വെളിപ്പെടുകയാണ്. "ദൈവത്തിന്റെ ഹനനയാഗങ്ങൾ തകർന്നിരിക്കുന്ന മനസ്സ്, തകർന്നും നുറുങ്ങിയുമിരിക്കുന്ന ഹൃദയത്തെ ദൈവമേ നീ നിരസിക്കയുമില്ല" (വാക്യം 17).

ഇതിനെക്കാൾ വലിയ സ്നേഹം ഇല്ല

ദാവീദ് തന്റെ ചെറുപ്പകാലത്ത് ഒരു ഇടയബാലകൻ ആയിരുന്നു, ആ വലിയ സത്യം തനിക്ക് അറിയുവാനിടയായി, ദൈവം നമ്മുടെ ഇടയനാണ്. ദൈവം വ്യക്തിപരമായി എത്രമാത്രം നമ്മോടു ബന്ധപ്പെട്ടരിക്കുന്നു എന്ന് കുറച്ചുകൂടെ അറിയുവാൻ നമ്മെ സഹായിക്കുന്നു. "യഹോവ തന്നെ ദൈവം എന്നറിവിൻ, അവൻ നമ്മെ ഉണ്ടാക്കി; നാം അവനുള്ളവർ ആകുന്നു; അവന്റെ ജനവും അവൻ മേയ്ക്കുന്ന ആടുകളും തന്നെ (സങ്കീ. 100:3). അവിടുന്നു നമ്മെ നടത്തുന്നു, ഉദ്ധരിക്കുന്നു, ആശ്വസിപ്പിക്കുന്നു, മേശ ഒരുക്കുന്നു, അഭിഷേകം ചെയ്യുന്നു (സങ്കീ. 23:1-6). ആടുകളിൽ ഒന്നു നഷ്ടപ്പെട്ടാൽ, അവിടുന്ന് അതിനെ കണ്ടു കിട്ടുന്നതുവരെയും അന്വേഷിക്കുന്നു, തോളിൽ എടുത്തു സന്തോഷിക്കുന്നു (ലൂക്കൊ. 15:4,5). അവിടുന്ന് തന്റെ ആടുകളെ അറിയുന്നു, ആടുകൾ തന്നെ അറിയുന്നു, ആത്യന്തികമായി ആടുകൾക്കുവേണ്ടി തന്റെ ജീവനെ കൊടുക്കുന്നു (യോഹ. 10:14,15).

എത്ര വ്യക്തിപരമായ ബന്ധമാണ് കർത്താവിന് നമ്മോടുള്ളത് എന്ന് ഇത് വ്യക്തമാക്കുന്നു. അവിടുന്ന് നമ്മോടു കാണിച്ച സ്നേഹത്താൽ, അവിടുന്ന് തന്റെ പുത്രനെ നമുക്കുവേണ്ടി നൽകി, " തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിന് ദൈവം അവനെ നൽകുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു (യോഹ. 3:16).

യേശുക്രിസ്തുവിന്റെ മാതൃക

യേശു തന്നെത്താൻ പൂർണ്ണമായി പിതാവിന് സമർപ്പിച്ചു. ഒരു വ്യക്തിപരമായ പ്രവർത്തി. ആകയാൽ ലോകത്തിൽ വരുമ്പോൾ: "ഹനനയാഗം നീ ഇച്ഛിച്ചില്ല; എന്നാൽ ഒരു ശരീരം നീ എനിക്ക് ഒരുക്കിയിരിക്കുന്നു. സർവ്വാംഗഹോമയാഗങ്ങളിലും പാപയാഗങ്ങളിലും നീ പ്രസാദിച്ചില്ല. അപ്പോൾ ഞാൻ പറഞ്ഞു; ഇതാ ഞാൻ വരുന്നു; പുസ്തകച്ചുരുളിൽ എന്നെക്കുറിച്ച് എഴുതിയിരിക്കുന്നു; ദൈവമേ നിന്റെ ഇഷ്ടം ചെയ്യുവാൻ ഞാൻ വരുന്നു" (എബ്രാ. 10:5-7).

യേശുവിന്റെ ജീവിതം ഒരു പ്രത്യേക ലക്ഷ്യം ഉള്ളതായിരുന്നു. തന്റെ പിതാവിനോടുള്ള ബന്ധം വ്യക്തിപരം, താൻ പിതാവിനെ വളരെ ബഹുമാനിച്ചിരുന്നു, പ്രാർത്ഥനയിലും കൂട്ടായ്മയിലും ധാരാളം സമയം വേർതിരിച്ചിരുന്നു, പിതാവിനെ അനുസരിച്ചിരുന്നു, ക്രൂശിലെ മരണത്തോളം അനുസരിച്ചിരുന്നു. മറ്റുള്ളവരോടുള്ള യേശുവിന്റെ ബന്ധം വ്യക്തിപരമായിരുന്നു. ആളുകളുടെ കൂട്ടങ്ങളിൽ അവിടുന്നു ധാരാളം സമയം താൻ ചെലവഴിച്ചിരുന്നു, വ്യക്തിപരമായി അവരുടെ ആവശ്യങ്ങളിൽ അവിടുന്നു വളരെ ശ്രദ്ധ കാണിച്ചിരുന്നു. ശമര്യക്കാരി സ്ത്രീയോട് യേശു സമയം ചെലവഴിച്ചത് ഒരു നിമിഷം ചിന്തിക്കുക (യോഹ, 4:5). രക്തസ്രവക്കാരി തന്റെ വസ്ത്രത്തിൽ തൊട്ടു (മർക്കൊ. 5:25-34). (സക്കായി ലൂക്കൊ. 19:2-10). അങ്ങനെ ധാരാളം വ്യക്തികളുമായി യേശു സംസാരിച്ചു. സ്നേഹത്തോടും മഹാദയയോടും അവിടുന്ന് ഇടപെട്ടു,

(ശേഷം 11-ാം പേജിൽ)

(10-ാം പേജിന്റെ തുടർച്ച)

തന്റെ ഹൃദയവും മനസ്സും ആളുകൾക്കു നൽകി. അവിടുന്നു നമുക്കു വേണ്ടി ചെയ്യുന്നു.

തന്റെ സ്നേഹത്തിന്റെ നീളം, വീതി, ആഴം, ഉയരം എന്നിവ നമ്മുടെ ചിന്തകൾക്കപ്പുറത്താണ് (എഫെ. 3:17-19). അവിടുന്ന് നമ്മുടെ മഹാപുരോഹിതനാണ്, അവിടുന്ന് നമ്മുടെ ബലഹീനതകളിൽ നമുക്കുവേണ്ടി പക്ഷവാദം ചെയ്യുന്നു, അവിടുന്ന് നമുക്കായി പിതാവിന്റെ സന്നിധിയിൽ എപ്പോഴും പക്ഷവാദം ചെയ്യുന്നു (എബ്രാ. 4:15, 7:25). അവിടുന്നു തുടർച്ചയായി നമ്മെ വിളിച്ചുകൊണ്ടിരിക്കുന്നു. " അദ്ധ്വാനിക്കുന്നവരും ഭാരം ചുമക്കുന്നവരും ആയുള്ളോരേ എല്ലാവരും എന്റെ അടുക്കൽ വരുവീൻ, ഞാൻ നിങ്ങളെ ആശ്വസിപ്പിക്കും. ഞാൻ സൗമ്യതയും താഴ്മയും ഉള്ളവൻ ആകയാൽ എന്റെ നുകം ഏറ്റുകൊണ്ട് എന്നോട് പഠിപ്പിൻ; എന്നാൽ നിങ്ങളുടെ ആത്മാക്കൾക്ക് ആശ്വാസം കണ്ടെത്തും. എന്റെ നുകം മൃദുവും എന്റെ ചുമടു ലഘുവും ആകുന്നു." (മത്താ. 11:28-30).

അവങ്കലേക്കു എന്ന നിലയിൽ

എങ്ങനെയാണ് നമ്മുടെ പ്രവൃത്തികൾ ദൈവത്തിന് വ്യക്തിപരമായിത്തീരുന്നത് എന്ന് ചിന്തിക്കാം. " ദൈവം നിങ്ങളുടെ പ്രവൃത്തിയും വിശുദ്ധന്മാരെ ശുശ്രൂഷിച്ചതിനാലും ശുശ്രൂഷിക്കുന്നതിനാലും തന്റെ നാമത്തോടു കാണിച്ച സ്നേഹവും മറന്നുകളയുവാന്തക്കവണ്ണം അനീതിയുള്ളവനല്ല. (എബ്രാ. 6:10). അതുപോലെ യേശു ആളുകളോട് പറയുന്നു എനിക്കു വിശന്നു നിങ്ങൾ എനിക്കു ഭക്ഷിപ്പാൻ തന്നു; എനിക്ക് ദാഹിച്ചു നിങ്ങൾ എനിക്ക് കുടിപ്പാൻ തന്നു; ഞാൻ അതിഥിയായിരുന്നു, നിങ്ങൾ എന്നെ ചേർത്തുകൊണ്ടു; നഗ്നനായിരുന്നു നിങ്ങൾ എന്നെ ഉടുപ്പിച്ചു; രോഗിയായിരുന്നു നിങ്ങൾ എന്നെ കാണ്മാൻ വന്നു; തടവിൽ ആയിരുന്നു; നിങ്ങൾ എന്റെ അടുക്കൽ വന്നു (മത്താ. 25:35,36). അവർ അവിടുത്തോട് ചോദിച്ചപ്പോൾ ഈ കാര്യങ്ങൾ ചെയ്തു അവിടുന്ന് പറഞ്ഞത് നിങ്ങൾ ചെയ്തത് എല്ലാം എനിക്ക് ചെയ്തിരിക്കുന്നു എന്ന് സത്യമായിട്ട് നിങ്ങളോട് പറയുന്നു എന്ന് അരുളിചെയ്യും.

ബന്ധപ്പെട്ട ഒരു കുറിപ്പ്, തന്റെ ജനത്തിന് പീഢ നേരിട്ടപ്പോൾ കർത്താവ് ഇതിനെ വ്യക്തിപരമായി എടുക്കുന്നു. ദമസ്ക്കോസിലേക്കുള്ള വഴിയിൽ കർത്താവ് ശൗലിനോട് ചോദിക്കുന്നു ശൗലേ ശൗലേ നീ എന്നെ ഉപദ്രവിക്കുന്നത് എന്ത് ? (പ്രവൃ. 9:4)

നമ്മുടെ പ്രതികരണം

തീർച്ചായായും ഈ കാര്യത്തിൽ കുറച്ചുകൂടെ കാര്യങ്ങൾ ചേർത്തു ചിന്തിക്കാവുന്നതാണ്. എന്നാൽ നമ്മോടുള്ള കർത്താവിന്റെ മഹാസ്നേഹത്തെക്കുറിച്ച്. കർത്താവിന് നമ്മോടുള്ള കരുതലുകളെക്കുറിച്ച് നമുക്കു ചിന്തിക്കാം.

പൂർണ്ണ ഹൃദയത്തോടും, പൂർണ്ണമനസ്സോടും പൂർണ്ണശക്തിയോടും കൂടെ സ്നേഹിക്കേണം. അവൻ ആദ്യം നമ്മെ സ്നേഹിച്ചതുകൊണ്ട് നാം സ്നേഹിക്കുന്നു നിങ്ങളുടെ സ്നേഹം കുറഞ്ഞുപോകുന്നു എങ്കിൽ നിങ്ങളുടെ ഹൃദയം നിറഞ്ഞുകവിയുന്ന സ്നേഹം അവിടുന്ന് നിങ്ങൾക്ക് തരും. സകലത്തിലും ദൈവത്തെ അനുസരിക്കുവാൻ ശ്രമിക്കയേശു അവനോട് എന്നെ അനുസരിക്കുന്നവൻ തന്റെ വചനം പ്രമാണിക്കും (യോഹ. 14:23).

പ്രാർത്ഥനയിൽ അവിടുത്തോട് കൂടെ സമയം ചെലവഴിക്കുക. ആദ്യമായി പ്രാർത്ഥന എന്നത് ദൈവവുമായി കൂട്ടായ്മ ആചരിക്കുകയാണ്. ദൈവത്തെ അറിയുവാൻ നമ്മുടെ സമയം എടുക്കുക(സങ്കീ. 46:16). വിശ്വാസത്തിന്റെ പൂർണ്ണ നിശ്ചയം പൂണ്ട് പരമാർത്ഥ ഹൃദയത്തോടു അടുത്തുചെല്ലുക. അതുപോലെ മറിയ ചുറ്റുപാടുകളെ ശ്രദ്ധിക്കാതെ കർത്താവിന്റെ പാദത്തിൽ ഇരുന്ന് പഠിക്കുവാനിടയായി (ലൂക്കോ. 10:38-42).

അവിടുത്തെ വചനത്തെ കൈക്കൊള്ളുക

ദൈവത്തിന്റെ സ്നേഹം, നമ്മെക്കുറിച്ചുള്ള ഉദ്ദേശം. തന്റെ ഇഷ്ടം എന്നിവ നമുക്കുവേണ്ടി വെളിപ്പെടുത്തിയ ഉറവിടമാണ് ദൈവത്തന്റെ വചനം എന്ന് നാം അംഗീകരിക്കേണം. വചനത്തിൽ സന്തോഷിക്കേണം, അതിനെ ധ്യാനിക്കേണം, പൂർണ്ണഹൃദയത്തോടെ ഹൃദയത്തിൽ സംഗ്രഹിക്കേണം (സങ്കീ. 119:15, 16,69). പാപം ചെയ്യാതിരിക്കേണ്ടതിന് അതിനെ ഹൃദയത്തിൽ സംഗ്രഹിക്കേണം (വാക്യം 11).

പൂർണ്ണമായി ആശ്രയിക്കണം

" പൂർണ്ണ ഹൃദയത്തോടെ യഹോവയിൽ ആശ്രയിക്ക, സ്വന്ത വിവേകത്തിൽ ഊന്നരുത്. " (സദൃശ. 3:5). നിങ്ങളുടെ സകല ചിന്താകുലവും അവന്റെമേൽ ഇട്ടുകൊൾവിൻ. അവൻ നിങ്ങളെ പുലർത്തും. (1പത്രൊ. 5 :7). നിന്റെ ഭാരം യഹോവയുടെമേൽ വച്ചുകൊൾക; അവൻ നിങ്ങളെ പുലർത്തും (സങ്കീ. 55:22).

വിശ്വാസത്തോടെ പ്രാർത്ഥിക്കുക

ദൈവം നമുക്കായി കരുതുന്നു, " അതുകൊണ്ട് കരുണ ലഭിപ്പാനും തത്സമയത്തു സഹായത്തിനുള്ള കൃപ പ്രാപിപ്പാനുമായി നാം ധൈര്യത്തോടെ കൃപാസനത്തിന് അടുത്തു ചെല്ലുക; അവൻ നമ്മുടെ അപേക്ഷ കേൾക്കുന്നു എന്ന് അറിയുന്നുവെങ്കിൽ അവനോട് കഴിച്ച അപേക്ഷ നമുക്കു ലഭിച്ചു എന്നും അറിയുന്നു (1യോഹ. 5:14,15).

പാപം ചെയ്യരുത്

യോസേഫിന്റെ ഉദാഹരണമെടുക്കാം. അതുകൊണ്ട് " ഞാൻ ഈ മഹാദോഷം പ്രവർത്തിച്ച് ദൈവത്തോട് പാപം ചെയ്യുന്നത് എങ്ങനെ എന്ന് പറഞ്ഞു? (ഉല്പ. 39:9). ദൈവം വിശുദ്ധനായിരിക്കയാൽ നിങ്ങളും വിശുദ്ധരാകുവിൻ (1പത്രൊ. 1:15,16).

പൂർണ്ണ ജാഗ്രതയുള്ളവരായിരിപ്പിൻ

യെശയ്യാവിന്റെ ജീവിതത്തെ ഉദാഹരണമായെടുക്കാം, അടിയൻ ഇതാ അടിയനെ അയയ്ക്കേണമേ (യെശ. 6:8). ഇതാ നിന്റെ ഇഷ്ടം ചെയ്വാൻ ഞാൻ വരുന്നു (എബ്രാ. 10:9). ആകയാൽ നിങ്ങളുടെ ശരീരങ്ങളെ ജീവനും വിശുദ്ധിയും ദൈവത്തിന് പ്രസാദമുള്ളയാഗമായി സമർപ്പിപ്പിൻ (റോമ. 12:1).

ദൈവത്തിന് നന്ദി കരേറ്റുക, ആരാധിക്കുക

" അവന്റെ വാതിലുകളിൽ സ്തോത്രത്തോടും അവന്റെ പ്രാകാരങ്ങളിൽ സ്തുതിയോടും കൂടെ വരുവിൻ; അവന് സ്തോത്രം ചെയ്ത് അവന്റെ നാമത്തെ വാഴ്ത്തുവിൻ" (സങ്കീ. 100:4) " എന്റെ മനമേ യഹോവയെ വാഴ്ത്തുക. എൻമനമേ യഹോവയെ വാഴ്ത്തുക. അവന്റെ ഉപകാരങ്ങൾ ഒന്നും മറക്കരുത് " (സങ്കീ.103 :1). ❖